ERNAKULAM-ANGAMALY ARCHDIOCESAN BULLETIN


# എറണാകുളം മിസ്സം




Vol. 59

Issue. 2

FEBRUARY 2016



www.ernakulamarchdiocese.org



കാഞ്ഞിരപ്പള്ളി രൂപതയുടെ നിയുക്ത
സഹായമെത്രാൻ മോൺ. ജോസ് പുളിക്കലിന്
എറണാകുളം-അങ്കമാലി അതിരൂപതയുടെ
സ്നേഹനിർഭരമായ

**പ്രാർത്ഥനാശംസകൾ!!!**

ERNAKULAM-ANGAMALY ARCHDIOCESAN BULLETIN

# എറണാകുളം മിസ്സം

## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | സർക്കുലർ 1/16 - Archdiocesan Internet Mission |
| 10. | ലോകരോഗീദിന സന്ദേശം |
| 17. | തിരുബാലസഖ്യദിനം |
| 21. | മദ്യവിരുദ്ധ ഞായർ |
| 26. | കാരുണ്യവർഷ ചിന്തകൾ (3) |
| 28. | പിതാക്കന്മാരുടെ ശുശ്രൂഷകൾ |
| 33. | കച്ചേരിക്കാര്യം |
| 37. | Transfers/Appointments |
| 42. | സുബോധന പാസ്റ്ററൽ സെന്റർ, അങ്കമാലി |
| 43. | നിവേദിത, ചുണങ്ങംവേലി |
| 44. | വാർത്തകളും വിശേഷങ്ങളും |
| 46. | നിര്യാതരായി |
| 47. | മതബോധന ഡിപ്പാർട്ടുമെന്റ് |
| 50. | തിരുബാലസഖ്യം |
| 51. | ഫാമിലി അപ്പസ്തോലേറ്റ് |
| 54. | സഹൃദയ (സോഷ്യൽ സർവ്വീസസ്) |
| 58. | എ.കെ.സി.സി. |
| 59. | ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ് |
| 60. | നൈപുണ്യ ഇന്റർനാഷണൽ |
| 61. | അതിരൂപത ഡയറി |


ARCHDIOCESAN CURIA ★ ERNAKULAM-ANGAMALY ★

**Editor: Rev. Fr. Jose Pollayil**

Volume : **59**
Issue No. : **2**
Month : **February 2016**

**Office:**
Archdiocesan Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: ₹ 15.00
Annual: ₹ 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

ERNAKULAM-ANGAMALY ARCHDIOCESAN BULLETIN എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Kurisumkal John, Muttuchira | 1893 | 1921 | 01.2.1947 |
| Fr Myalil Thomas, Keechery | 1948 | 1977 | 02.2.2004 |
| Fr. Thekkumthala Kunjouseph, Koratty | --- | --- | 03.2.1927 |
| *Msgr. Vattoly Paul, Kadukutty* | *1906* | *1937* | *06.2.1997* |
| Fr. Thachil Francis, Kuthiathodu | 1911 | 1939 | 08.2.1983 |
| Fr. Elamkuttuchira Joseph, Vaikom | 1897 | 1930 | 08.2.1964 |
| *Msgr. Moothedan Thomas, Meloor* | *1911* | *1940* | *11.2.1985* |
| Fr. Pathiamoola Gheevarghese, Pallipuram | 1891 | 1920 | 12.2.1963 |
| Fr. Koikara Dominic, Kanjoor | 1909 | 1937 | 14.2.1966 |
| Fr. Putharikal Mathew, Ernakulam | 1883 | --- | 17.2.1956 |
| Fr. Painadath Valiya Joseph, Karukutty | 1872 | 1899 | 18.2.1948 |
| Fr. Jacob Parayil, Kudavechoor | 1924 | 1952 | 19.2.2005 |
| *Mar Joseph Cardinal Parecattil, Kidangoor* | 1912 | 1939 | 20.2.1987 |
| Fr. Manjaly Thomas, Kanjoor | 1880 | 1909 | 21.2.1936 |
| Fr. Kalarikal Geevarghese, Chalil | 1887 | 1915 | 21.2.1963 |
| Fr. Payyapilly Kuriakose, Kanjoor | 1880 | 1909 | 22.2.1940 |
| Fr. Kandathil Kuriakose, Chembu | 1893 | 1923 | 24.2.1989 |
| Fr. Panapally Joseph, Kudavechoor | 1928 | 1955 | 24.2.2001 |
| Fr. Kachapilly Martin, S. Champanur | 1968 | 1993 | 25.2.1995 |
| Fr. Vettikkappilly Kuriakose, Vaikom | 1878 | 1902 | 26.2.1947 |
| Fr. Arackaparambil Isaac, Muttom | 1903 | 1933 | 28.2.1960 |

*മരണംമൂലം വേർപിരിഞ്ഞ നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരെ നമ്മുടെ അനുദിന പ്രാർത്ഥനകളിലും ദിവ്യബലിയിലും ഓർത്ത് പ്രാർത്ഥിക്കാം.*

സർക്കുലർ 1/16

# ARCHDIOCESAN INTERNET MISSION (AIM)

ബഹുമാനപ്പെട്ട അച്ചൻമാരേ, സിസ്റ്റേഴ്സ്, സഹോദരി സഹോദരൻമാരേ,

വിരൽത്തുമ്പിലെ വിവരജാലകമായ ഇന്റർനെറ്റ് പോയ വർഷങ്ങളിൽ വിവര സമാഹരണ വിതരണ രംഗത്ത് വരുത്തിയ വിപ്ളവങ്ങൾക്ക് നാമെല്ലാം സാക്ഷികളാണല്ലോ. വിവര സാങ്കേതിക വിദ്യയുടെ ഈ വളർച്ച വിശാലമായ ഒരു ശുശ്രൂഷാ മേഖലയാണ് നമുക്കു തുറന്നു തന്നിരിക്കുന്നത്.

നവയുഗ മാധ്യമങ്ങളുടെ മാർഗ്ഗത്തിലേയ്ക്ക് നാം ഇറങ്ങുന്നത് നമ്മുടെ ആത്മീയ യാത്രയുടെ ഭാഗമായിട്ടാണ്. നമ്മുടെ ശുശ്രൂഷാമേഖലയിൽ ഗുണപരവും, പാരിമാണികവുമായ ഫലക്ഷമത ഉറപ്പാക്കുവാനും, ശിഥിലമായിക്കൊണ്ടിരിക്കുന്ന ബന്ധങ്ങൾക്ക് ഊഷ്മളത നൽകുവാനും, സഭാംഗങ്ങൾ തമ്മിലുള്ള ഭൂമിശാസ്ത്രപരമായ അകലത്തെ സാങ്കേതികമായ മികവുകൊണ്ടില്ലാതാക്കി ഇടയനോടും, ഇടവകയോടും ചേർത്തു നിർത്തുവാനും, നമ്മുടെ പരമ്പരാഗത ശുശ്രൂഷാ മേഖലകളിലൂടെയൊന്നും സ്പർശിക്കപ്പെടാതെ പോകുന്ന നമ്മുടെ വരും തലമുറയെ ആശ്ലേഷിക്കുവാനുമാണ്. ഇവിടെ അറിവില്ലായ്മയുടേയോ പരിചയക്കുറവിന്റെയോ പേരുപറഞ്ഞ് നിസ്സംഗരായും, നിഷ്ക്രിയരായും ആർക്കും സ്വസ്ഥമായുറങ്ങാനാവില്ല. അതിനാൽ ആധുനിക വിവര സമാഹരണ വിതരണ മാർഗ്ഗമായ ഇന്റർനെറ്റിലൂടെയുള്ള ശുശ്രൂഷയ്ക്കായി വഴിയൊരുക്കുകയാണ് Archdiocesan Internet Mission (AIM).

Archdiocesan Internet Mission (AIM) ന്റെ നേതൃത്വത്തിൽ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളേയും, കുടുംബങ്ങളേയും, വ്യക്തികളെയും, സന്ന്യാസസഭാ സ്ഥാപനങ്ങളെയും, ഡിപ്പാർട്ട്മെന്റുകളെയും, മറ്റു സ്ഥാപനങ്ങളേയും ഒരു online network ലേയ്ക്കു കൊണ്ടുവരുവാനുള്ള പ്രയത്നമാണ് ആദ്യഘട്ടത്തിൽ നടക്കുക. നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും, ഇടവകകളും, കുടുംബങ്ങളും, സന്ന്യാസസഭാ സ്ഥാപനങ്ങളും, എല്ലാ സമർപ്പിതരും ഈയൊരു യത്നത്തിൽ സജീവമായി പങ്കാളികളാകണം. ആരും ഇതിൽ നിന്ന് മാറിനിൽക്കരുത്. ഈ വരുന്ന ഏപ്രിൽ മാസത്തോടെ ഈ ദൗത്യത്തിന്റെ പ്രഥമഘട്ടം പൂർത്തീകരിക്കണം. നമ്മുടെ 100% ഇടവകകളും ഈ

Network ലെ ഭാഗമാകാൻ എല്ലാ വൈദികരും കൂട്ടായി യത്നിക്കണം. അതിരൂപതയിലെ 100% കുടുംബാംഗങ്ങളും ഈ Network ൽ കണ്ണി ചേരാൻ കൈകോർക്കുകയും, പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

നിങ്ങളേവരുടെയും അകൈതവമായ സഹായവും സഹകരണവും ഇത്തരുണത്തിൽ പ്രതീക്ഷിക്കുന്നു.

ആറു കാര്യങ്ങൾ നമുക്ക് അടിയന്തിരമായി ചെയ്യുവാനുണ്ട്.

1. ഇടവകകളിൽ കമ്പ്യൂട്ടർ (Desktop / laptop), പ്രിന്റർ, Internet broadband (with Wi-Fi Modem) എന്നിവ ഉണ്ടായിരിക്കണം. ഇല്ലാത്ത ഇടവകകളിൽ ഇവ സംഘടിപ്പിക്കാനുള്ള നടപടികൾ സത്വരമായി പൂർത്തിയാക്കണം.

2. ഓരോ ഇടവകയിലും Online networking സംവിധാനം സുഗമമായി നടപ്പാക്കുന്നതിൽ വികാരിയച്ചനെ സഹായിക്കാനായി ഒരു Parish IT Coordinator നെ തെരഞ്ഞെടുക്കണം. {ഏതെങ്കിലും ഇടവകകളിൽ Accountant, Parish secretary എന്നിങ്ങനെയുള്ള (കമ്പ്യൂട്ടർ operate ചെയ്യാനറിയുന്ന) വർ ഉണ്ടെങ്കിൽ അവർക്ക് പരിശീലനം നൽകി നമുക്കെടുക്കാം. അല്ലെങ്കിൽ മതബോധനാധ്യാപകനോ, ഭക്ത സംഘടനാംഗമോ, റിട്ടയേർഡായ ആരെങ്കിലുമോ ആയാലും നല്ലത്}. അവരുടെ പേരു വിവരം അതാത് ഫൊറോനാ കോഓർഡിനേറ്റർ അച്ചനെ അറിയിക്കുക. Archdiocesan Internet Mission (AIM) അവർക്ക് പരിശീലനം നൽകും.

3. അതിരൂപതയുടെ കീഴിലുള്ള എല്ലാ കുടുംബാംഗങ്ങളുടെയും വിവര സമാഹരണത്തിന്റെ Data Entry Form ഇതിനോടകം പള്ളികളിൽ എത്തിയിട്ടുണ്ട്. മൂന്ന് ആഴ്ചകൾക്കുള്ളിൽ ഇവയുടെ വിവര സമാഹരണം പൂർത്തിയാക്കി data entry ആരംഭിക്കാനുള്ള നടപടി എടുക്കണം. Data Entry Form ലഭിച്ചിട്ടില്ലാത്ത ഇടവകകൾ Archdiocesan Internet Mission (AIM) ഓഫീസിൽ contact ചെയ്യണം. വിവര സമാഹരണം പാതി ഘട്ടത്തിലാകുമ്പോൾ തന്നെ AIM- Forane coordinator അച്ചൻമാരെയും. Archdiocesan Internet Mission (AIM) ഓഫീസിനെയും contact അറിയിക്കുക. പ്രസ്തുത ഇടവകകളിലുള്ള coordinator- ന് പരിശീലനം നൽകി data entry ആരംഭിക്കുന്നതിനു വേണ്ടിയാണ്. 2016 ഫെബ്രുവരി മാസത്തിൽ തന്നെ വിവരസമാഹരണം ആരംഭിക്കുകയും പൂർത്തി

യാക്കുകയും വേണം. മാർച്ച് മാസത്തിൽ data entry പൂർത്തീകരിക്കുവാൻ എല്ലാ വികാരിയച്ചന്മാരും, Forane coordinator അച്ചൻമാരും, Parish IT coordinators-ഉം, Unit coordinators-ഉം, കുടുംബയൂണിറ്റ് ഭാരവാഹികളും, കുടുംബാംഗങ്ങളെല്ലാവരുമൊരുമിച്ചുള്ള കൂട്ടായ പ്രയത്നം ഉണ്ടാകണം.

4. നമ്മുടെ online software-ൽ പരിശീലനം ആവശ്യമുള്ള എല്ലാ വൈദികർ, സിസ്റ്റേഴ്സ്, Parish IT Coordinator എന്നിവർക്കും അതിനുള്ള സൗകര്യം Archdiocesan Internet Mission (AIM) ഓഫീസിൽ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത software ന്റെ ഒരു dummy login-ഉം തയ്യാറാക്കിയിട്ടുണ്ട്. താൽപര്യമുള്ള വൈദികർ Archdiocesan Internet Mission (AIM) ഓഫീസിനെ സമീപിച്ചാൽ അതിന്റെ user IDയും Password ഉം അതിൽ പരിശീലനവും നൽകുന്നതാണ്.

5. അതിരൂപതയുടെ കീഴിലുള്ള എല്ലാ സന്ന്യാസ ഭവനങ്ങളും എല്ലാ അംഗങ്ങളുടെയും വിവരങ്ങൾ നൽകപ്പെടുന്ന ഫോമിൽ പുരിപ്പിച്ച് Archdiocesan Internet Mission (AIM) ഓഫീസിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

6. ഇടവകകളെ online network -ലേയ്ക്ക് കൊണ്ടുവരുന്നതു സംബന്ധിച്ചുള്ള എല്ലാ സംശയങ്ങളും, ആശങ്കകളും, ചോദിക്കാനുള്ള ചോദ്യങ്ങളും ഈ വരുന്ന ഫെബ്രുവരി 10 –നകം Archdiocesan Internet Mission (AIM) ഓഫീസിലേയ്ക്ക് എഴുതി അറിയിക്കണം. Technical ആയിട്ടുള്ള കാര്യങ്ങൾ അറിയില്ലെങ്കിൽ കൂടി നമ്മുടെതായ ഭാഷയിൽ ചോദ്യങ്ങൾ തയ്യാറാക്കി അയച്ചു കൊടുക്കുക. നമ്മുടെ software ന്റെ developers ഫെബ്രുവരി 22 - 25 തീയതികളിൽ നമ്മെ സന്ദർശിക്കുന്നതായിരിക്കും. പ്രസ്തുത സമയം നമ്മുടെ എല്ലാ സംശയങ്ങളും നിവാരണം ചെയ്യുന്നതിനായി നമ്മുടെ എല്ലാ ചോദ്യങ്ങളും അവർക്ക് അയച്ചു കൊടുക്കാം. നേരത്തേതന്നെ ചോദ്യങ്ങൾ ആവശ്യപ്പെടുന്നത് അവർ വരുമ്പോൾ എല്ലാ സംശയങ്ങളും നിവാരണം ചെയ്യുന്നതിനായി ഒരുങ്ങി വരുന്നതിനുവേണ്ടിയാണ്.

അതിരൂപതയുടെ Internet ലൂടെയുള്ള ശുശ്രൂഷകൾക്കു നേതൃത്വം വഹിക്കുന്നത് Archdiocesan Internet Mission (AIM) ഓഫീസാണ്. Archdiocesan Internet Mission (AIM) ന്റെ administrator ഷാൻലി ചെർപ്പണത്ത് അച്ചനാണ്.

നമ്മുടെ പുതിയ ശുശ്രൂഷാ മേഖലയുടെ പ്രവർത്തനങ്ങൾ സുഗമമാക്കാനും, വിജയിപ്പിക്കാനും നമുക്കൊരുമിച്ച് കൈകോർത്ത് നീങ്ങാം. നിങ്ങളേവരുടെയും സഹായ സഹകരണം പ്രതീക്ഷിക്കുന്നു. നമ്മുടെ എല്ലാ ശുശ്രൂഷാ മേഖലകളിലൂടെയും എല്ലാവർക്കും ദൈവാനുഗ്രഹം സമൃദ്ധമായി ലഭിക്കട്ടെ.

**സെബാസ്റ്റ്യൻ എടയന്ത്രത്ത്**
**പ്രോട്ടോസിഞ്ചെല്ലൂസ്**

ഈ സർക്കുലർ ഫെബ്രുവരി മാസത്തെ ആദ്യ ഞായറാഴ്ച പള്ളികളിൽ വായിക്കേണ്ടതാണ്.

**AIM- Forane coordinators അച്ചൻമാരുടെ പേരുവിവരം താഴെ നൽകുന്നു.**

**Archdiocesan Internet Mission (AIM)**
Tel.: 0484–2972629. E-mail: service@ekmdiocese.com

**Rev. Fr. Shanly Cherpanath**
Mob.: 9400 900 444. E-mail: shanly@shanly.in, shanlyc@gmail.com

| Forane | Cordinators Name | Mobile |
|---|---|---|
| അങ്കമാലി | ഫാ. വടക്കുഞ്ചേരി ജോസഫ് | 9496141444 |
| ഇടപ്പള്ളി | ഫാ. പള്ളുപ്പെട്ട സൈമൺ | 9947004232 |
| എറണാകുളം | ഫാ. പെരുമായൻ തോമസ് | 9447235789 |
| കറുകുറ്റി | ഫാ. കോട്ടയ്ക്കൽ ആന്റണി | 9847437571 |
| കാഞ്ഞൂർ | ഫാ. തോമസ് കളപ്പറമ്പത്ത് | 9846630150 |
| കിഴക്കമ്പലം | ഫാ. ചില്ലയ്ക്കൽ തോമസ് | 9495226323 |
| കൊരട്ടി | ഫാ. പരവര ആന്റണി | 9495079829 |
| ചേർത്തല | ഫാ. മങ്ങാട്ട് തോമസ് | 9447569055 |
| തൃപ്പൂണിത്തുറ | ഫാ. പാത്താടൻ ജോസഫ് | 9497665335 |
| പള്ളിപ്പുറം | ഫാ. ഞാണയ്ക്കൽ അഗസ്റ്റിൻ | 8547635866 |
| പറവൂർ | ഫാ. കാട്ടുപറമ്പിൽ ലിന്റോ | 9947065716 |
| മഞ്ഞപ്ര | ഫാ. കൂവേലി ജോൺസൻ | 9447595847 |
| മൂക്കന്നൂർ | ഫാ. പൊട്ടോളി സെബാസ്റ്റ്യൻ | 9961455975 |
| മൂഴിക്കുളം | ഫാ വടക്കുഞ്ചേരി ജോൺസൻ | 9946845951 |
| വല്ലം | ഫാ. കോലഞ്ചേരി ജോയ് | 9495426083 |
| വൈക്കം | ഫാ. കണ്ണമ്പുഴ സാന്റോ | 9048384785 |

അതിരൂപതയിലെ എല്ലാ ഇടവകളും online network -ലേയ്ക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി നാം ഉപയോഗിക്കുന്ന software introduce ചെയ്യാനും, നമ്മുടെ സംശയങ്ങൾ നിവാരണം ചെയ്യുന്നതിനുമായി ഇതിന്റെ developers ഫെബ്രുവരി 22, 23, 24, 25 (തിങ്കൾ മുതൽ വ്യാഴം വരെ) തിയ്യതികളിൽ വിവിധ ഫൊറോനാ കേന്ദ്രങ്ങളിൽ കൂടിക്കാഴ്ച നടത്തും. പ്രസ്തുത യോഗത്തിലേയ്ക്ക് എല്ലാ വൈദികരെയും ക്ഷണിക്കുന്നു. വൈദികരോടൊപ്പം, ഇടവകയിൽ നിന്നുള്ള IT മേഖലയിൽ പ്രവർത്തിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ അവരെയും യോഗത്തിൽ പങ്കെടുപ്പിക്കാവുന്നതാണ്. നിശ്ചിത ദിവസം എന്തെങ്കിലും അസൗകര്യമുണ്ടെങ്കിൽ മറ്റേതെങ്കിലും ഫൊറോനയിലെ പരിപാടിയിലെങ്കിലും സംബന്ധിക്കേണ്ടതാണ്. യോഗത്തിൽ സംബന്ധിക്കുവാൻ തക്കവിധം മുൻകൂട്ടി ഡയറിയിൽ കുറിച്ചിടുമല്ലോ.

തീയതി, സമയം യോഗസ്ഥലം ഫൊറോനകൾ എന്നിവ താഴെ ചേർക്കുന്നു:

**ഫെബ്രുവരി 2016**

| | | | |
|---|---|---|---|
| 22 തിങ്കൾ | 10.00 a.m. | അങ്കമാലി ഫൊറോനാ പള്ളി | അങ്കമാലി, കറുകുറ്റി, കൊരട്ടി, മഞ്ഞപ്ര, മൂക്കന്നൂർ |
| 22 തിങ്കൾ | 2.30 p.m. | കാഞ്ഞൂർ ഫൊറോനാ പള്ളി | കാഞ്ഞൂർ, വല്ലം |
| 23 ചൊവ്വ | 10.00 a.m. | വൈക്കം ഫൊറോനാ പള്ളി | വൈക്കം |
| 23 ചൊവ്വ | 2.30 p.m. | ചേർത്തല ഫൊറോനാ പള്ളി | ചേർത്തല, പള്ളിപ്പുറം |
| 24 ബുധൻ | 10.00 a.m. | ഇടപ്പള്ളി ഫൊറോനാ പള്ളി | ഇടപ്പള്ളി, കിഴക്കമ്പലം |
| 24 ബുധൻ | 2.30 p.m. | ബസിലിക്ക ഫൊറോനാ പള്ളി | എറണാകുളം, തൃപ്പൂണിത്തുറ |
| 25 വ്യാഴം | 10.00 a.m. | മൂഴിക്കുളം ഫൊറോനാ പള്ളി | മൂഴിക്കുളം |
| 25 വ്യാഴം | 2.30 p.m. | പറവൂർ ഫൊറോനാ പള്ളി | പറവൂർ |

Administrator
Archdiocesan Internet Mission (AIM)

Ref: 2907/K 35/OL/KCBC/DS 19.12.2015

# 24-ാമത് ലോകരോഗീദിനസന്ദേശം

## 11 ഫെബ്രുവരി 2016

***കാരുണ്യവാനായ യേശുവിനു മറിയത്തെപ്പോലെ സ്വയം സമർപ്പിച്ചു കൊണ്ട്: "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ. 2.5)***

പ്രിയ സഹോദരീസഹോദരന്മാരേ,

രോഗികളായ പ്രിയ സുഹൃത്തുക്കളേ, നിങ്ങളിലേക്കും നിങ്ങളെ ശുശ്രൂഷിക്കുന്നവരിലേക്കും പ്രത്യേകമാംവിധം എത്തിച്ചേരാൻ ഇരുപത്തിനാലാം ലോകരോഗീദിനം എനിക്കൊരു അവസരം തരുന്നു.

ഈ വർഷം ലോകരോഗീദിനം വിശുദ്ധനാട്ടിൽ വച്ച് ആഘോഷപൂർവം ആചരിക്കുന്നതുകൊണ്ട് കാനായിലെ കല്യാണവിരുന്നിനെ സംബന്ധിച്ച സുവിശേഷവിവരണത്തെക്കുറിച്ചു (യോഹ 2:1-11) ധ്യാനിക്കണമെന്നു നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ സംഭവത്തിൽ യേശു തന്റെ മാതാവിന്റെ മാദ്ധ്യസ്ഥ്യം മൂലം ആദ്യത്തെ അദ്ഭുതം പ്രവർത്തിച്ചു. ഈ ആചരണദിവസത്തേക്കായി തിരഞ്ഞെടുത്തിട്ടുള്ള പ്രമേയം ഇതാണ്: കാരുണ്യവാനായ യേശുവിന് മറിയത്തെപ്പോലെ സ്വയം സമർപ്പിച്ചുകൊണ്ട്: "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (യോഹ 2:5). ഈ പ്രമേയം കാരുണ്യത്തിന്റെ അസാധാരണ ജൂബിലിയുടെ വെളിച്ചത്തിൽ ഏറ്റവും യുക്തമാണ്. ആ ദിവസത്തെ പ്രധാനപ്പെട്ട കുർബാനയാഘോഷം 2016 ഫെബ്രുവരി 11-ന് നടക്കും. ലൂർദ് മാതാവിന്റെ ആരാധനാപരമായ സ്മരണയായി അത് നസ്രത്തിൽ വച്ചു തന്നെ നടത്തപ്പെടും. അവിടെ വച്ചാണല്ലോ "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചത്" (യോഹ 1:14). ലൂക്കാ സുവിശേഷകൻ നമ്മോടു പറയുന്നതുപോലെ യേശു നസ്രത്തിൽ വച്ച് ഏശയ്യാപ്രവാചകന്റെ വാക്കുകൾ തന്നോടുതന്നെ പ്രയോഗിച്ചു: "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു"(ലൂക്കാ 4:18-19).

രോഗം, സർവ്വോപരി, ഗൗരവമുള്ള രോഗം എപ്പോഴും മനുഷ്യാസ്തിത്വത്തെ വിഷമഘട്ടത്തിലെത്തിക്കുന്നു. ആഴങ്ങളിലേക്കിറങ്ങുന്ന ചോദ്യങ്ങൾ ഉണർത്തുകയും ചെയ്യുന്നു. നമ്മുടെ ആദ്യത്തെ ഉത്തരം ചിലപ്പോൾ എതിർപ്പിന്റേതായിരിക്കും: എന്തുകൊണ്ട് എനിക്ക് ഇതു സംഭവിച്ചു? എല്ലാം നഷ്ടപ്പെട്ടുവെന്നും ഒന്നിനും ഒരർത്ഥവുമില്ലെന്നും ചിന്തിച്ചു നമ്മൾ നിരാശരാകാം.

ഈ സാഹചര്യങ്ങളിൽ ദൈവവിശ്വാസം ഒരുവശത്ത് പരീക്ഷിക്കപ്പെടുന്നു. എന്നാലും അതേ സമയത്ത് അതിന്റെ ഭാവാത്മ വിഭവങ്ങളെയെല്ലാം വെളിപ്പെടുത്താനും അതിനു കഴിയും. രോഗത്തെയോ വേദനയെയോ അവ ഉണർത്തുന്ന ചോദ്യങ്ങളെയോ വിശ്വാസം തിരോഭവിപ്പിക്കുന്നതുകൊണ്ടു മാത്രമല്ല, പിന്നെയോ നാം അനുഭവിക്കുന്നതിന്റെ അത്യഗാധമായ അർത്ഥം കണ്ടെത്താനുള്ള താക്കോൽ അതു നല്കുന്നതുകൊണ്ടു കൂടിയാണ് അങ്ങനെ സംഭവിക്കുന്നത്. രോഗം എങ്ങനെ കുരിശിന്റെ ഭാരം പേറിക്കൊണ്ട് നമ്മോടൊത്തു സഞ്ചരിക്കുന്ന യേശുവിലേക്കു അടുക്കാനുള്ള മാർഗ്ഗമായിത്തീരുന്നുവെന്നു കാണാനുള്ള താക്കോലാണത്. ഈ താക്കോൽ ആ മാർഗ്ഗത്തെ ആദ്യം അറിഞ്ഞ നമ്മുടെ അമ്മയായ മറിയമാണ് നമുക്കു നല്കുന്നത്.

കാനായിലെ കല്യാണവിരുന്നിൽ മണവാളന്റെയും മണവാട്ടിയുടെയും ഗൗരവപൂർണ്ണമായ പ്രശ്നം മനസ്സിലാക്കുന്ന ചിന്താപൂർണ്ണയായ സ്ത്രീയാണു മറിയം: ഉത്സവസന്തോഷത്തിന്റെ പ്രതീകമായ വീഞ്ഞ് തീർന്നുപോയെന്നതാണ് ആ പ്രശ്നം. മറിയം ആ പ്രയാസം തിരിച്ചറിയുകയും പ്രത്യേകമായ വിധത്തിൽ അതിനെ തന്റേതാക്കുകയും പെട്ടെന്ന് വിവേകപൂർവ്വം പ്രവർത്തിക്കുകയും ചെയ്തു. അവൾ വെറുതേ നോക്കിക്കാണുകയായിരുന്നില്ല. കുറ്റം കണ്ടെത്തുന്നതിനു വേണ്ടി സമയം ചെലവഴിക്കാൻ അത്രപോലും ശ്രമിച്ചില്ല. പിന്നെയോ, അവൾ യേശുവിങ്കലേക്കു തിരിയുകയും വസ്തുനിഷ്ഠമായ ആ പ്രശ്നം യേശുവിന്റെ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു: "അവർക്കു വീഞ്ഞില്ല" (യോഹ 2:3). സ്വയം വെളിപ്പെടുത്താനുള്ള തന്റെ സമയം ഇനിയും സമാഗതമായില്ലെന്ന് യേശു അവളോടു പറഞ്ഞപ്പോൾ (വാക്യം 4) അവൾ വേലക്കാരോടു പറഞ്ഞു: "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ" (വാക്യം 5). യേശു എന്നിട്ട് വെള്ളം വീഞ്ഞാക്കിക്കൊണ്ട് അത്ഭുതം പ്രവർത്തിച്ചു. പെട്ടെന്ന് ആ ആഘോഷത്തിനിടയിൽ ലഭ്യമായ ഏറ്റവും നല്ല വീഞ്ഞായിരുന്നു അത്. കാനാ

 ERNAKULAM-ANGAMALY ARCHDIOCESAN BULLETIN എറണാകുളം മിസ്സം

യിലെ വിവാഹവിരുന്നിന്റെ ഈ രഹസ്യത്തിൽ നിന്ന് ലോകരോഗീദിനത്തെ സംബന്ധിച്ച് എന്തു പ്രബോധനമാണു ഗ്രഹിക്കാനുള്ളത്?

കാനായിലെ കല്യാണവിരുന്ന് സഭയുടെ ഒരു പ്രതീകമാണ്. തന്റെ കാരുണ്യം കൊണ്ട് ഒരു അടയാളം പ്രവർത്തിക്കുന്ന യേശു അതിന്റെ മധ്യത്തിലുണ്ട്. നവീനസമൂഹത്തിന്റെ ആദ്യഫലങ്ങളായ ശിഷ്യന്മാർ അവിടത്തെ ചൂഴ്ന്നുനില്ക്കുന്നു. അനുഗ്രഹദായികയും പ്രാർത്ഥനാനിർഭരയുമായ ദിവ്യമാതാവ് യേശുവിന്റെയും ശിഷ്യരുടെയും സമീപത്തു നിലകൊള്ളുന്നു. മറിയം സാധാരണജനത്തിന്റെ സന്തോഷത്തിൽ പങ്കുകൊള്ളുന്നു. ആ സന്തോഷം വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. വധുവരന്മാരുടെയും ക്ഷണിക്കപ്പെട്ട സകല അതിഥികളുടെയും പേരിൽ അവൾ തന്റെ പുത്രനോട് മദ്ധ്യസ്ഥയെന്ന നിലയിൽ അപേക്ഷിക്കുന്നു. യേശു തന്റെ അമ്മയുടെ അപേക്ഷ നിരസിക്കുന്നുമില്ല. ആ സംഭവത്തിൽ നമുക്ക് എല്ലാവർക്കും എത്രമാത്രം പ്രത്യാശമുണ്ട്! കാരുണ്യവും സൂക്ഷ്മതയും നിറഞ്ഞ കണ്ണുകളുള്ള ഒരമ്മ നമുക്കുണ്ട്. അവളുടെ പുത്രനെപ്പോലെതന്നെയാണവൾ. അവളുടെ പുത്രനുള്ളതുപോലെ മാതൃസഹജവും കരുണാപൂർണ്ണവുമായ ഒരു ഹൃദയമുണ്ട്. സഹായിക്കാൻ ആഗ്രഹിക്കുന്ന കൈകളുണ്ട്. വിശക്കുന്നവർക്ക് അപ്പം മുറിച്ചുകൊടുക്കുകയും രോഗികളെ സ്പർശിച്ച് സുഖപ്പെടുത്തുകയും ചെയ്ത കൈകളുണ്ട്. ഇതെല്ലാം നമ്മെ ആത്മധൈര്യംകൊണ്ടു നിറയ്ക്കുകയും ക്രിസ്തുവിന്റെ കൃപയിലേക്കും കാരുണ്യത്തിലേക്കും നമ്മുടെ ഹൃദയങ്ങളെ തുറക്കുകയും ചെയ്യുന്നു. വിശുദ്ധ പൗലോസ് ശ്ലീഹ ഏത് ആശ്വാസത്തെപ്രതി ദൈവത്തെ വാഴ്ത്തിസ്തുതിച്ചുവോ ആ ആശ്വാസം അനുഭവിക്കാൻ മറിയത്തിന്റെ മാദ്ധ്യസ്ഥ്യം നമ്മെ സഹായിക്കുന്നു: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും കരുണയുടെ പിതാവും സകല സമാശ്വാസത്തിന്റെയും ദൈവവുമായവൻ വാഴ്ത്തപ്പെട്ടവനാകട്ടെ. ദൈവം ഞങ്ങൾക്കു നല്കുന്ന സാന്ത്വനത്താൽ ഓരോതരത്തിലുള്ള വ്യഥകളനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാൻ ഞങ്ങൾ ശക്തരാകേണ്ടതിനും ഞങ്ങൾ ദൈവത്തിൽ നിന്ന് അനുഭവിക്കുന്ന അതേ ആശ്വാസം തന്നെ അവരും അനുഭവിക്കേണ്ടതിനും അവിടന്ന് ഞങ്ങളെ എല്ലാ ക്ലേശങ്ങളിലും സമാശ്വസിപ്പിക്കുന്നു. ക്രിസ്തുവിന്റെ സഹനങ്ങളിൽ ഞങ്ങൾ സമൃദ്ധമായി പങ്കുചേരുന്നതുപോലെ ക്രിസ്തുവിലൂടെ സമാശ്വാസത്തിലും ഞങ്ങൾ സമൃദ്ധമായി പങ്കുചേരുന്നു" (2 കോറി 1:3-5). മറിയം തന്റെ മക്കളെ ആശ്വസിപ്പിക്കുന്ന "ആശ്വസിപ്പിക്കപ്പെട്ട" അമ്മയാണ്.

യേശുവിന്റെയും അവിടത്തെ ദൗത്യത്തിന്റെയും വ്യതിരിക്തമായ സവിശേഷതകൾ സുവ്യക്തമായി കാണാം. യഥാർത്ഥത്തിൽ അവിടന്ന് തന്റെ മിശിഹാപരമായ ശുശ്രൂഷയുടെ കാലത്ത് അനേകരുടെ രോഗങ്ങളും ദൗർബല്യവും സുഖപ്പെടുത്തി ദുർഭൂതത്തിൽ നിന്നു രക്ഷിച്ചു. അന്ധർക്ക് കാഴ്ച നല്കി. മുടന്തരെ നടത്തി. കുഷ്ഠരോഗികൾക്ക് ആരോഗ്യവും മഹത്ത്വവും തിരിച്ചുനല്കി, മൃതരെ ഉയിർപ്പിച്ചു, ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുകയും ചെയ്തു (cf ലൂക്കാ 7:21-22). വിവാഹ മഹോത്സവസമയത്ത്, മറിയത്തിന്റെ മാതൃഹൃദയത്തോടുള്ള പരിശുദ്ധാത്മാവിന്റെ നിർദ്ദേശപ്രകാരം മറിയം നടത്തിയ അഭ്യർത്ഥന ഒരു കാര്യം വ്യക്തമായി കാണിക്കുന്നു. അതായത്, ക്രിസ്തുവിന്റെ മിശിഹാപരമായ ശക്തി മാത്രമല്ല അവിടത്തെ കാരുണ്യവും അവളുടെ അഭ്യർത്ഥന വ്യക്തമാക്കുന്നു.

മറിയത്തിനുള്ള താത്പര്യത്തിൽ ദൈവത്തിന്റെ കാരുണ്യം പ്രപതിഫലിച്ചു നാം കാണുന്നു. രോഗികളെ, ഏറ്റവും നിസ്സാരരായിട്ടുള്ളവരെ പോലും, ശുശ്രൂഷിക്കുകയും അവരുടെ ആവശ്യങ്ങൾ ഗ്രഹിക്കുകയും ചെയ്യുന്നവരുടെ ജീവിതങ്ങളിൽ ഇതേ കാരുണ്യം സന്നിഹിതമാണ്. കാരണം, അവർ രോഗികളെ സ്നേഹം നിറഞ്ഞ കണ്ണുകൾകൊണ്ടു കാണുന്നു. രോഗിയായ ശിശുവിന്റെ കിടക്കക്കരികേ നില്കുന്ന ഒരമ്മ, അല്ലെങ്കിൽ വാർധക്യത്തിലെത്തിയ മാതാവിനെയോ പിതാവിനെയോ ശുശ്രൂഷിക്കുന്ന ഒരു സന്താനം അല്ലെങ്കിൽ അപ്പുപ്പനെയോ അമ്മുമ്മയെയോ ശുശ്രൂഷിക്കുന്ന ഒരു പൗത്രനോ പൗത്രിയോ എത്രയോ പ്രാവശ്യം കന്യകാമതാവിനോടു പ്രാർത്ഥിച്ചിട്ടുണ്ടാവും! എന്തെന്നാൽ നമ്മൾ സ്നേഹിക്കുന്ന രോഗബാധിതർക്കുവേണ്ടി നാം ആദ്യം ചെയ്യുന്നത് അവരുടെ ആരോഗ്യത്തിനുവേണ്ടി പ്രാർത്ഥിക്കുകയെന്നതാണ്. യേശു തന്നെ ദൈവരാജ്യത്തിന്റെ സാന്നിധ്യം പ്രകടമാക്കിയത് സവിശേഷമാംവിധം സുഖപ്പെടുത്തലിലൂടെയാണ്: നിങ്ങൾ കേൾക്കുന്നതും കാണുന്നതും പോയി യോഹന്നാനെ അറിയിക്കുവിൻ. അന്ധന്മാർ കാഴ്ചപ്രാപിക്കുന്നു. മുടന്തന്മാർ നടക്കുന്നു. കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു. ബധിരർ കേൾക്കുന്നു. മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു. ദരിദ്രരോട് സുവിശേഷം പ്രഘോഷിക്കപ്പെടുന്നു (മത്താ 11:4-5). എന്നാൽ അവർക്കുവേണ്ടി ശാരീരിക സൗഖ്യത്തെക്കാൾ കൂടിയ ഒന്നിനായി പ്രാർത്ഥിക്കാൻ വിശ്വാസത്താൽ പ്രേരിതമായ വിശ്വാസം നമ്മെ പ്രേരിപ്പിക്കുന്നു. സമാധാനത്തിനുവേണ്ടി, ഹൃദയത്തിൽ നിന്നു വരുന്നതും ദൈവികദാനമായിട്ടുള്ളതുമായ പ്രശാന്തതയ്ക്കുവേണ്ടി നാം

പ്രാർത്ഥിക്കുന്നു. വിശ്വാസത്തോടെ തന്നോടു യാചിക്കുന്നവർക്ക് പിതാവ് ഒരിക്കലും നിഷേധിക്കാത്ത പരിശുദ്ധാത്മാവിന്റെ ഫലത്തിനായി നാം പ്രാർത്ഥിക്കുന്നു.

കാനായിലെ സംഭവത്തിൽ യേശുവും മറിയവും മാത്രമല്ല ഉള്ളത്. "സേവകരുമുണ്ട്". അവരോടാണ് "അവൻ പറയുന്നത് നിങ്ങൾ ചെയ്യുവിൻ" (യോഹ 2:5) എന്ന് അവൾ പറഞ്ഞത്. സ്വാഭാവികമായ ക്രിസ്തുവിന്റെ പ്രവൃത്തിയായി അത്ഭുതം സംഭവിക്കുന്നു. എന്നാലും ഈ അത്ഭുതകൃത്യം നിർവ്വഹിക്കാൻ മാനുഷിക സഹായം ഉപയോഗിക്കുന്നതിന് ക്രിസ്തു ആഗ്രഹിക്കുന്നു. ഭരണികളിൽ നേരിട്ട് വീഞ്ഞു നിറയ്ക്കാൻ അവിടത്തേക്കു കഴിയുമായിരുന്നു. എന്നാലും മാനുഷിക സഹകരണത്തെ ആശ്രയിക്കാൻ അവിടന്ന് ആഗ്രഹിച്ചു. അതുകൊണ്ട് ഭരണികളിൽ വെള്ളം നിറയ്ക്കാൻ അവിടന്നു സേവകരോടു പറഞ്ഞു. മറ്റുള്ളവരുടെ ദാസന്മാരായിരിക്കുകയെന്നത് എത്ര വിസ്മയനീയവും ദൈവത്തിന് എത്ര പ്രീതികരവുമാണ്! മറ്റെന്തിനെക്കാൾ കൂടുതലായി ഇത് നമ്മെ ക്രിസ്തുവനോടു സദൃശ്യരാക്കുന്നു. "സേവിക്കപ്പെടാനല്ലാതെ സേവിക്കാൻ വേണ്ടി വന്നവനാണ്" (മർക്കോ 10:45)അവിടന്ന്. സുവിശേഷത്തിൽ പേരുപറയപ്പെടാത്ത ഇവർ നമ്മെ ഏറെ കാര്യങ്ങൾ പഠിപ്പിക്കുന്നു. അവർ അനുസരിക്കുക മാത്രമല്ല ചെയ്തത്. അവർ ഔദാര്യപൂർവ്വം അനുസരിക്കുക കൂടി ചെയ്തു. അവർ ഭരണികൾ വക്കോളം നിറച്ചു (cf യോഹ 2:7). അവർ അമ്മയെ വിശ്വസിക്കുകയും പരാതിയോ വീണ്ടുവിചാരമോ ഇല്ലാതെ പെട്ടെന്ന് നന്നായി പ്രവർത്തിക്കുകയും ചെയ്തു.

ഈ ലോകരോഗീദിനത്തിൽ കാരുണ്യവാനായ യേശുവിനോടു നമുക്കു പ്രാർത്ഥിക്കാം. അവിടത്തെയും നമ്മുടെയും അമ്മയായ മറിയത്തിന്റെ മാദ്ധ്യസ്ഥ്യത്തിലൂടെ പ്രാർത്ഥിക്കാം. ആവശ്യത്തിൽപ്പെട്ടവരെ, പ്രത്യേകിച്ച് രോഗികളായ നമ്മുടെ സഹോദരീസഹോദരന്മാരെ സഹായിക്കാനുള്ള സന്നദ്ധത നമുക്കു നല്കാൻവേണ്ടി പ്രാർത്ഥിക്കാം. ചിലപ്പോൾ ഈ സേവനം ക്ലേശകരവും ദുർവ്വഹവുമായിരിക്കും. എന്നാലും, നമ്മുടെ മാനുഷിക പരിശ്രമങ്ങളെ കർത്താവ് തീർച്ചയായും ദൈവിക പരിശ്രമങ്ങളാക്കുമെന്നു നമുക്ക് തീർച്ചയുണ്ട്. ദൈവത്തിന് അത്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള കൈകളായിരിക്കാൻ നമുക്കു കഴിയും. ആ അത്ഭുതങ്ങൾ മിക്കപ്പോഴും നിഗൂഢങ്ങളായിരിക്കും. കാനായിലെ വിവാഹമഹോത്സവത്തിൽ ഭരണികളിൽ നിറയ്ക്കപ്പെടുകയും ഏറ്റവും

നല്ല വീഞ്ഞായിത്തീരുകയും ചെയ്ത ജലംപോലെ നമ്മുടെ അധ്വാനവും സഹനവും-നമ്മൾ രോഗമില്ലാത്തവരായാലും രോഗമുള്ളവരായാലും-സമർപ്പിക്കാൻ നമുക്കു കഴിയും. രോഗത്തിലെന്നപോലെ തന്നെ രോഗമുള്ളവരെ പ്രശാന്തതയോടെ സഹായിച്ചുകൊണ്ട് നമുക്ക് നമ്മുടെ അനുദിന കുരിശുകളെ തോളിലേറ്റുകയും ഗുരുവിനെ അനുഗമിക്കുകയും ചെയ്യാം (cf ലൂക്കാ 9:23) പീഡാസഹനം എപ്പോഴും ഒരു രഹസ്യമായി തുടരും. എന്നാലും അതിന്റെ അർത്ഥം കണ്ടെത്താൻ യേശു നമ്മെ സഹായിക്കും.

"അവൻ പറയുന്നതു നിങ്ങൾ ചെയ്യുവിൻ" എന്ന് പറയുന്ന മറിയത്തിന്റെ വചനങ്ങൾ അനുസരിക്കാൻ നാം പഠിച്ചാൽ യേശു നമ്മുടെ ജീവിതമാകുന്ന ജലത്തെ എപ്പോഴും അമൂല്യമായ വീഞ്ഞാക്കി മാറ്റും. അങ്ങനെ, വിശുദ്ധ നാട്ടിൽ ആഘോഷിക്കപ്പെടുന്ന ഈ ആഗോള രോഗീദിനാചരണം കാരുണ്യത്തിന്റെ അസാധാരണ ജൂബിലിയാഘോഷിക്കാനുള്ള കല്പനയിൽ ഞാൻ പ്രകടിപ്പിച്ച പ്രത്യാശ നിറവേറ്റാൻ സഹായിക്കും: "ദൈവകാരുണ്യത്തെ ആഘോഷിക്കുന്ന ഈ വർഷം യഹൂദമതം ഇസ്ലാംമതം എന്നിവയെയും മറ്റുള്ള ശ്രേഷ്ഠമായ മതപാരമ്പര്യങ്ങളെയും കണ്ടുമുട്ടാൻ സഹായകമാകുമെന്നു ഞാൻ പ്രത്യാശിക്കുന്നു. കൂടുതൽ തീക്ഷ്ണതയുള്ള സംഭാഷണത്തിലേക്കു നമ്മെ നയിക്കട്ടെ. നമ്മൾ പരസ്പരം കൂടുതൽ നന്നായി അറിയുന്നതിനും മനസ്സിലാക്കുന്നതിനും കൂടുതൽ തീവ്രതയുള്ള സംഭാഷണത്തിലേക്കു അതു നമ്മെ നയിക്കാൻ ഇടയാകട്ടെ. മാനസിക തുറവില്ലായ്മയുടെയും അനാദരവിന്റെയും എല്ലാ രൂപങ്ങളും അത് ഇല്ലാതാക്കട്ടെ. അക്രമത്തിന്റെയും വിവേചനത്തിന്റെയും എല്ലാ രൂപങ്ങളെയും അതു മാറ്റിക്കളയട്ടെ" (കാരുണ്യത്തിന്റെ മുഖം 23). കണ്ടുമുട്ടലിന്റെ സംസ്കാരവും സമാധാനവും വളരുന്ന ദൃശ്യമായ അടയാളവും വേദിയുമായി മാറാൻ ഓരോ ആശുപത്രിക്കും നേഴ്സിംഗ് ഹോമിനും കഴിയും. അവിടെ രോഗത്തിന്റെയും സഹനത്തിന്റെയും അനുഭവം വിദഗ്ധതൊഴിൽപരവും സഹോദരപരവുമായ സഹായത്തോടെ ഓരോ പരിധിയെയും വിഭജനത്തെയും കീഴടക്കാൻ അവ സഹായിക്കും.

കഴിഞ്ഞ മേയ്മാസത്തിൽ വിശുദ്ധരുടെ പട്ടികയിൽ ചേർക്കപ്പെട്ട വിശുദ്ധ മരിയേ-അൽഫോൻസിനെ ദാനിയേൽ ഘട്ടാസ്, ക്രൂശിതനായ യേശുവിന്റെ വിശുദ്ധ മേരി ബൗവാർഡി എന്നീ സന്ന്യസ്ത സഹോദരിമാർ നമുക്ക് ഇക്കാര്യത്തിൽ മാതൃകയായിട്ടുണ്ട്. അവർ രണ്ടുപേരും

വിശുദ്ധ നാടിന്റെ പുത്രിമാരാണ്. ആദ്യത്തെ വിശുദ്ധ ശാന്തതയുടെയും ഐക്യത്തിന്റെയും സാക്ഷിയായിരുന്നു. പരസ്പര ഉത്തരവാദിത്വത്തോടെ ജീവിക്കുന്നതിന്റെ പ്രാധാന്യത്തിന്, പരസ്പരം സേവനം ചെയ്തുകൊണ്ടു ജീവിക്കുന്നതിന്, വ്യക്തമായ സാക്ഷ്യം നല്കിയ വ്യക്തിയാണ്. രണ്ടാമത്തെ വിശുദ്ധ വിദ്യാഭ്യാസമില്ലാത്ത വിനീതയായ വ്യക്തിയാണ്. അവൾ പരിശുദ്ധാത്മാവിനു വിധേയയായി, മുസ്ലീം ലോകത്തെ കണ്ടുമുട്ടുന്നതിനുള്ള ഉപകരണമായി.

രോഗികളെയും സഹിക്കുന്നവരെയും സഹായിക്കുന്ന എല്ലാവർക്കും കാരുണ്യത്തിന്റെ അമ്മയായ മറിയത്തിൽ നിന്ന് പ്രചോദനം സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അവളുടെ മുഖത്തിന്റെ മാധുര്യം ഈ വിശുദ്ധവർഷത്തിൽ നമ്മെ നിരീക്ഷിച്ചുകൊണ്ടിരിക്കട്ടെ. ദൈവത്തിന്റെ കാരുണ്യത്തിന്റെ സന്തോഷം നാമെല്ലാവരും വീണ്ടും കണ്ടെത്തുന്നതിനു വേണ്ടിത്തന്നെ (ibid 24). കാരുണ്യം നമ്മുടെ ഹൃദങ്ങളിൽ വസിക്കുന്നതിനും നമ്മുടെ പ്രവൃത്തികളിൽ അത് പ്രകടിപ്പിക്കുന്നതിനും ഇടയാകട്ടെ. നമ്മുടെ പരീക്ഷകളെയും ക്ലേശങ്ങളെയും നമ്മുടെ സന്തോഷത്തോടും സമാശ്വാസത്തോടും കൂടെ കന്യാകമറിയത്തിനു സമർപ്പിക്കാം. അവളുടെ കാരുണ്യത്തിന്റെ കണ്ണുകൾ നമ്മുടെ നേരെ തിരിക്കാൻ, പ്രത്യേകിച്ച് വേദനയുടെ സമയത്ത് അങ്ങനെ ചെയ്യാൻ അവളോട് അപേക്ഷിക്കാം. അവളുടെ പുത്രനായ യേശുവിന്റെ കരുണാർദ്രമായ മുഖം ഇന്നും എന്നും കാണാൻ നമ്മെ യോഗ്യരാക്കുന്നതിനുവേണ്ടി യാചിക്കാം.

നിങ്ങൾക്കെല്ലാവർക്കും വേണ്ടിയുള്ള ഈ പ്രാർത്ഥനയോടെ എന്റെ അപ്പസ്തോലികാശീർവ്വാദം ഞാൻ അയയ്ക്കുന്നു.

വത്തിക്കാനിൽ നിന്ന്, 15 സെപ്തംബർ 2015,

ദുഃഖങ്ങളുടെ അമ്മയുടെ സ്മരണദിനം

**ഫ്രാൻസിസ് മാർപാപ്പ**

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

Ref: 2913/K 35/OL/KCBC/DS 18.01.2016

# തിരുബാലസഖ്യദിനം

## 14 ഫെബ്രുവരി 2016

### കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കന്മാരേ, സഹോദരീസഹോദരന്മാരേ, കുഞ്ഞുമക്കളേ,

ആഗോള കത്തോലിക്കാസഭ എല്ലാ വർഷവും തിരുബാലസഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി രണ്ടാമത്തെ ഞായാറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 14-ാം തീയതിയാണ്. ബാലനായ യേശുവിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട്, അവശരും, ദരിദ്രരും, അനാഥരും, നീതി ലഭിക്കാത്തവരുമായ കുട്ടികളുടെ ഉന്നമനത്തിനായി സ്ഥാപിക്കപ്പെട്ടതാണ് തിരുബാലസഖ്യം. കേരളത്തിലെ എല്ലാ കത്തോലിക്കാ ദൈവാലയങ്ങളിലുമായി ബാലജനസംഘടനകളുടെ കൂടെ തിരുബാലസഖ്യവും ഉണ്ടാകുമെന്ന് വിശ്വസിക്കുന്നു. സഖ്യത്തിലെ എല്ലാ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഞങ്ങളുടെ അനുഗ്രഹവും ആശംസകളും.

ബഹുതല ചിന്തകളാണ് നമ്മുടെ വിചിന്തനത്തിനായി തിരുസഭ നൽകുന്നത്. തങ്ങളാൽ കഴിയുന്നത് തങ്ങളെക്കാൾ അവശരും ദരിദ്രരുമായ കുട്ടികൾക്കു വേണ്ടി ദാനമായി നൽകുക എന്ന കരുണയുടെ പാഠമാവണം കരുണയുടെ ഈ അസാധാരണ ജൂബിലി വർഷത്തിൽ കുട്ടികളുടെ ചിന്തകളിൽ പതിയേണ്ടത്. നമ്മുടെ പൊതുഗൃഹത്തിന്റെ നന്മകൾക്ക് നാം മാത്രമല്ല അവകാശികളെന്നും പങ്കുവയ്ക്കുകയെന്ന് ഔദാര്യമല്ല കടമയാണെന്നും കുട്ടികൾക്ക് പഠിപ്പിച്ചു കൊടുക്കേണ്ട ദിവസമാണിന്ന്.

നസ്രത്തിൽ മാതാപിതാക്കൾക്കു വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാവണം. വ്യക്തി സ്വാതന്ത്ര്യങ്ങളുടെയും നിയമ പരിരക്ഷയുടെയും അകമ്പടിയും ജീവിതത്തിൽ അനുസരണവും, വിധേയപ്പെടലും ക്രിസ്തു ചൈതന്യത്തിന്റെ ഭാഗം തന്നെയാണ്. ശരിയായ വളർച്ചാമുഖങ്ങൾക്ക് ഇത് അനിവാര്യവുമാണ്.

യൗസേപ്പുപിതാവും പരിശുദ്ധകന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കു

ചേരലിലാണ്. ഇന്നത്തെ മാതാപിതാക്കൻമാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ശുഭമായ ഭാവിക്കു വേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കൻമാർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്.

കുട്ടികൾ പാറമേൽ പണിത ഭവനങ്ങൾപോലെയാകണം. മാതാപിതാക്കൻമാരുടെ വിശ്വാസതീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളുടെ ദൃഢതയും സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ സഭാചൈതന്യത്തിൽ ആയിരിക്കുകയും സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബ പ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

വളർത്തുന്നവൻ ദൈവമാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടുചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിതപാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ-സന്ന്യാസ ജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൻമാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചു കാണിക്കുകയും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. “കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത്” എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം. “ഞാൻ, എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ?” എന്ന ചോദ്യം മുതിർന്നവർ തിരിച്ചറിയാതെ പോകരുത്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കൻമാരും അവരോട് ചേർന്ന് അദ്ധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടനത്തിനു ശേഷ

മോ, മാതാപിതിക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടിയോ ആവരുത് കുട്ടികൾ ഈ തിരഞ്ഞെടുപ്പുകൾ നടത്തുന്നത്. സമാധാനപൂർണ്ണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്ന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കൻമാരും മുന്നോട്ടുവരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞുങ്ങൾ ദൈവം തന്ന ദാനമാണ് എന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഇത് കൂടുതൽ തെളിയേണ്ട സാമൂഹിക സാഹചര്യങ്ങളുമാണ് ഇന്നുള്ളത്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകട മേഖലകൾ കൂടി വരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗീകമായി കുട്ടികളെ ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൻമാർ നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്.

വാട്സ് ആപ്പിലൂടെയും ഫെയ്സ്ബുക്കിലൂടെയും സെൽഫി ഫോട്ടോകൾ എടുത്ത് കുട്ടികൾ തങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്ന പ്രവണത കൂടിവരുന്നു. തങ്ങളെത്തന്നെ എല്ലാവർക്കും വെളിപ്പെടുത്തുക വഴി അത്യാഗ്രഹികളായ കഴുകദൃഷ്ടികൾക്ക് അവർ ഇരയാവുകയാണ്. ഈ മേഖലയിൽ മാതാപിതാക്കളുടെ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കുവാൻ എല്ലാ മാതാപിതാക്കന്മാരും ശ്രദ്ധിക്കണം.

അസഹിഷ്ണുതയും , സാമുദായിക സ്പർദ്ധയും, വർഗ്ഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതംമാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതിയുവാക്കളെയും കടത്തിക്കൊണ്ടു പോകുകയുംചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്ക വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തുചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും വഴിതെറ്റിക്കുന്നതുമായ മേഖ

ലകളിൽ നിന്നും കുട്ടികളെ ഒഴിവാക്കി നിർത്തുവാൻ സഭയോടും സഭാതനയരോടും ചേർന്നു നിൽക്കുക, പ്രവർത്തിക്കുക എന്നത് അത്യാവശ്യമാണ്. കുടുംബയൂണിറ്റുകളുടെയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന എല്ലാ മാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമതിയുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ തിരുബാല്യത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാ ഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദരങ്ങളെ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിൻ മുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

Ref: 2918 /K 35/OL/KCBC/DS 25.1.2016

# മദ്യവിരുദ്ധ ഞായർ

## 28 ഫെബ്രുവരി 2016

### കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

### *"ഉണരാം, ഉണർത്താം, ഒരു നവസംസ്കൃതി"*

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കാരുണ്യത്തിന്റെ വാതായനങ്ങൾ തുറന്നിട്ടുകൊണ്ട് ലോകത്തെ മുഴുവൻ പുത്തൻ ദൈവാനുഭവത്തിലേക്കും സമൂഹത്തെ മുഴുവൻ ആഴവും ആത്മാർത്ഥവുമായ നവമാനവികതയിലേക്കും നയിക്കാൻ ഉതകുന്ന കരുണയുടെ വർഷത്തിലൂടെയാണല്ലോ നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. സമൂഹമദ്ധ്യേ കാരുണ്യത്തിന്റെ കൈവിളക്കുകളുമായി വഴികാട്ടുവാനുള്ള കത്തോലിക്കാസഭയുടെ ഈ ആഹ്വാനം, ക്രൈസ്തവലോകത്തിനു മാത്രമല്ല ലോകം മുഴുവന്റെയും കർമ്മത്തിനും കുതിപ്പിനും ആക്കം കൂട്ടുന്ന ഒരു ശരണമന്ത്രമായി തീർന്നിരിക്കുകയാണ്. കരുണയുടെ ഈ വർഷത്തിൽ സമൂഹത്തെ ഉണർത്താനും സഹോദരങ്ങളെ പുത്തൻവെളിച്ചത്തിലേക്ക് കൊണ്ടുവരാനും ഏറ്റവും ഉചിതമായ സമയവും അവസരവുമാണ് പുതിയ മദ്യനയത്തോടെ ഇന്ന് കേരളത്തിൽ സംജാതമായിരിക്കുന്നത്.

കേരള കത്തോലിക്കാസഭ മദ്യവിരുദ്ധ ഞായറായി 2016 ഫെബ്രുവരി 28 ആചരിക്കുമ്പോൾ ഈ വർഷത്തെ മദ്യവിരുദ്ധ ഞായർ ആചരണം മറ്റേതുവർഷത്തെക്കാളും അർത്ഥപൂർണ്ണവും സമയോചിതവുമാണ്. കേരളസർക്കാരിന്റെ മദ്യനയം അംഗീകരിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധി (29-12-2015) കേരളത്തിന് ലഭിച്ച പുതുവർഷസമ്മാനമായിരുന്നു. പഞ്ചനക്ഷത്രബാറുകൾ ഒഴികെ മറ്റെല്ലാ മദ്യശാലകളെയും നിരോധിച്ചത് ആത്യന്തികമായി അനേകലക്ഷം ജനങ്ങളുടെ സമാധാനപൂർണ്ണമായ ജീവിതത്തിനാണ് ഉപകാരപ്പെടുന്നത്. ഈ അനുകൂലമായ സാഹചര്യം ഫലപ്രദമായി വിനിയോഗിക്കുക എന്ന ഒരു തീവ്രകർമ്മപരിപാടിക്കായി കേരളസമൂഹം ജാഗ്രതയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ചരിത്രപരമായ ഒരു മദ്യനിയന്ത്രണസംവിധാനത്തിന് രൂപംകൊടുക്കാൻ

സർക്കാരിന് കഴിഞ്ഞുവെന്നത് ആത്മാർത്ഥമായ അഭിനന്ദനം അർഹിക്കുന്നതാണ്. മദ്യവർജ്ജനം മാത്രം മതിയെന്ന നയം സമൂഹത്തിൽ പ്രചരിക്കുന്നതിന്റെ പശ്ചാത്തലത്തിലും കർക്കശമായ നിയന്ത്രണം കൊണ്ടുവന്ന സർക്കാർ നടപടി കേരള ചരിത്രത്തിലെ നാഴികക്കല്ലാണ്. മദ്യവില്പനയിൽ കഴിഞ്ഞ 30 വർഷമായി 12% മുതൽ 67% വരെ വർദ്ധനവാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ, കഴിഞ്ഞ 18 മാസമായി കേരളത്തിൽ ബാറുകൾ അടഞ്ഞുകിടന്നതുമൂലം വിദേശമദ്യത്തിന്റെ വില്പന 24.92% കുറഞ്ഞുവെന്നാണ് കണക്ക്. ഈ സാഹചര്യത്തിൽ വിദേശമദ്യവില്പന കുറഞ്ഞിരിക്കുന്നുവെന്ന കണക്ക് പ്രതീക്ഷ വർദ്ധിപ്പിക്കുന്നു. മദ്യനിരോധനം മൂലം കേരളത്തിൽ മദ്യവില്പന കുറഞ്ഞിട്ടില്ലായെന്ന് സ്ഥാപിക്കുവാൻ പരിശ്രമിക്കുന്നവരുടെ താല്പര്യമെന്താണെന്ന് മനസ്സിലാകുന്നില്ല. മുകളിൽ പറഞ്ഞ സർക്കാർ കണക്കുതന്നെയാണ് ഇത്തരക്കാർക്കുള്ള ഉത്തരം. ഇതിന്റെ പ്രാധാന്യം കൂടുതൽ തെളിഞ്ഞുവരുന്നത് ലോകാരോഗ്യസംഘടനയുടെ ലക്ഷ്യം മനസ്സിലാക്കുമ്പോഴാണ്. ആഗോളമദ്യനയത്തിലൂടെ അടുത്ത പത്ത് വർഷം കൊണ്ട് മദ്യത്തിന്റെ ഉപയോഗം 10% കുറയ്ക്കുകയെന്ന ലക്ഷ്യമാണ് ലോകാരോഗ്യസംഘടന മുന്നിൽ വയ്ക്കുന്നത്. എന്നാൽ കേരളത്തിൽ കഴിഞ്ഞ 18 മാസം കൊണ്ടുതന്നെ ഇത് 24 ശതമാനമായി മാറി. ഇത് ലോകചരിത്രത്തിൽതന്നെ ഏറ്റവും വേഗതയിലുള്ള മദ്യോപയോഗത്തിന്റെ കുറവാണ്. ഇത് മാറ്റത്തിന്റെ വലിയ അടയാളമാണ്.

കേരളം ഉണർന്നുകഴിഞ്ഞു. ലഹരിവിട്ടൊഴിഞ്ഞ മനുഷ്യരുടെ ജീവിതത്തിലേക്ക് മാന്യമായി ജീവിക്കണമെന്ന ആഗ്രഹം കടന്നുവന്നിരിക്കുന്നു. പോക്കറ്റിൽ സമ്പാദ്യം, ബന്ധങ്ങളിൽ ഊഷ്മളത, ആത്മാവിലും ശരീരത്തിലും ആരോഗ്യം, കുറ്റകൃത്യങ്ങളുടെ നിയന്ത്രണം, റോഡപകടങ്ങളിൽ വന്ന കുറവ് എന്നിങ്ങനെ കേരളത്തിന്റെ പൊതുസമൂഹം കർശന മദ്യനിയന്ത്രണത്തിന്റെ നന്മകൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു.

അതേസമയം, ഏറെ കരുതലോടെയും നിതാന്ത ജാഗ്രതയോടെയും അറിഞ്ഞിരിക്കേണ്ട മറ്റൊരു കാര്യമുണ്ട്. വിദേശമദ്യത്തിന്റെ വില്പന കുറഞ്ഞുവെങ്കിലും ബിയർ വില്പന 5 കോടി ലിറ്ററോളം കൂടിയിരിക്കുന്നു. ബാറുകൾ അടച്ചപ്പോൾ വ്യാപകമായി ആരംഭിച്ച 820 ബിയർ പാർലറുകളാണ് ബിയർ വില്പന വർദ്ധിപ്പിച്ചത്. വൈൻ വില്പനയും മുൻ വർഷത്തെക്കാൾ വളരെ കൂടുതലായിരിക്കുന്നു. ആരും ആവശ്യ

പ്പെടാതെത്തന്നെ അടച്ചുപൂട്ടിയ ബാറുകളിൽ വ്യാപകമായി ബിയർ വൈൻ പാർലറുകൾ തുടങ്ങിയ സർക്കാർ നടപടിയെ സുപ്രീം കോടതിപോലും നിശിതമായി വിമർശിച്ചതാണ്. യുവജനങ്ങളെ കൂട്ടത്തോടെ മദ്യ ഉപയോഗത്തിലേക്ക് ക്ഷണിക്കുകയും പുതുതലമുറയെ ആൺപെൺവ്യത്യാസമില്ലാതെ ലഹരിയുടെ അപകടങ്ങളിലേക്ക് എത്തിക്കുന്നതുമായ ഈ വികലനയം ഒരു ജനാധിപത്യ സർക്കാരിന് ചേരുന്നതല്ല, പ്രത്യേകിച്ച് സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ.

ബിയർ വീര്യം കുറഞ്ഞതാണ് എന്നത് ഒരു തെറ്റായ പ്രചരണമാണ്. മോട്ടോർ വാഹന വകുപ്പിന്റെ നിയമമനുസരിച്ച് മദ്യത്തിന്റെ അളവ് രക്തത്തിൽ 30 ശതമാനത്തിൽ കൂടുതലായാൽ വാഹനമോടിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ്. ഒരു കുപ്പി ബിയറിലൂടെ മദ്യത്തിന്റെ അളവ് രക്തത്തിൽ 30 ശതമാനത്തിലധികമാകുന്നു.  ഇത് ചെറിയൊരു ഉദാഹരണം മാത്രം. ഇത്തരത്തിൽ, അപകടകാരിയായ ബിയറും വൈനും പ്രോത്സാഹിപ്പിക്കുന്നത് പുതുതലമുറയെ ഗുരുതരമായ ലഹരി അടിമത്തത്തിലേക്ക് നയിക്കാനേ ഉപകരിക്കൂ.

ബിയർ വൈൻ പാർലറുകൾക്കുള്ള അനിയന്ത്രിതമായ അനുമതി കേരളസർക്കാർ അടിയന്തിരമായി പുനഃപരിശോധിക്കേണ്ടതാണ്. പുതിയ മദ്യനയം രൂപംകൊടുക്കുമ്പോൾ അത് പരിഹരിക്കേണ്ടതുമാണ്. ഒരു വശത്ത് മദ്യശാലകൾക്ക് കർശനനിയന്ത്രണവും നിരോധനവും ഏർപ്പെടുത്തുവാനുള്ള നയനിയമ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയും ബിവറേജസ് ഔട്ട്ലറ്റുകൾ ഘട്ടംഘട്ടമായി നിർത്തലാക്കുകയും ചെയ്യുമ്പോഴും മറുവശത്ത് കൺസ്യൂമർ ഫെഡിന്റെ കീഴിൽ പുതിയ മദ്യശാലകൾ സർക്കാർ തുറക്കുന്നുണ്ട്.  ഇത് ഗുരുതരമായ നയവ്യതിയാനവും ആത്മാർത്ഥതയില്ലായ്മയുമാണ് സൂചിപ്പിക്കുന്നത്.

'മദ്യവർജ്ജനം', 'മദ്യനിയന്ത്രണം' എന്നീ രണ്ടു സമീപനങ്ങളിൽ ഏതാണ് സമൂഹത്തിൽ ക്രിയാത്മകമായ മാറ്റമുണ്ടാക്കുന്നത് എന്ന കാര്യത്തിൽ കൃത്യമായ നിലപാടുകൾ ഓരോ രാഷ്ട്രീയ പ്രസ്ഥാനത്തിനും ഉണ്ടായിരിക്കണം. മദ്യത്തിന്റെ ലഭ്യതയും വ്യാപനവും കുറക്കുന്ന ഏതൊരു നടപടിയും കേരളത്തിലെ മദ്യവിരുദ്ധപ്രവർത്തകരും മതസംഘടനകളും സമുദായങ്ങളും പൊതുസമൂഹവും സർവാത്മനാ സ്വാഗതം ചെയ്യും.  മദ്യനിയന്ത്രണവും മദ്യവർജ്ജനവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾപോലെ തുല്യപ്രാധാന്യത്തോടെ നടപ്പിലാക്ക

പ്പെടണം. മദ്യവിൽപ്പനയുടെ നിയന്ത്രണം, മദ്യ ഉപയോഗം കുറയ്ക്കാൻ വഴി തെളിക്കുമെന്ന് കണക്കുകളും ശാസ്ത്രീയമായ പഠനങ്ങളും തെളിയിക്കുന്നു. മദ്യത്തിന്റെ ലഭ്യത കുറയുന്ന പ്രദേശങ്ങളിൽ മദ്യത്തിന്റെ ഉപയോഗം കുറയുന്നു എന്ന പഠന റിപ്പോർട്ട് മദ്യവിൽപ്പനയിലുള്ള കർശനനിയന്ത്രണം വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാനമായി നില കൊള്ളുന്നു.

മദ്യവർജ്ജനം മാത്രം മതി എന്നു പറയുന്നവരുടെ സമീപനം സംശയാസ്പദമാണ്. സമൂഹത്തിന്റെ ആത്യന്തികമായ നന്മയല്ല ഇക്കൂട്ടരുടെ ലക്ഷ്യം എന്നത് ഉറപ്പാണ്. ലഹരിക്കെതിരായ പ്രതിരോധം പൊതുസമൂഹത്തിൽ രൂപപ്പെട്ടുക്കൊണ്ടിരിക്കുകയാണ്. മനുഷ്യനന്മയുടെയും കൂട്ടായ്മയുടെയും തകർക്കാൻ പറ്റാത്ത കോട്ടകൾ തീർക്കുന്ന ഒരു പ്രതിരോധമാണ് ലഹരിക്കെതിരെ സൃഷ്ടിക്കേണ്ടത്. ഇതിനായി കേരള സമൂഹം ഇനിയും മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു.

ബോധവത്ക്കരണ പരിപാടികളാണ് സമ്പൂർണ്ണ മദ്യനിരോധനത്തിലേക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ചവിട്ടുപടികൾ. കാര്യക്ഷമമായ ബോധവൽക്കരണത്തിലൂടെ മാത്രമേ നമ്മൾ ആഗ്രഹിക്കുന്ന ലക്ഷ്യം പ്രാപിക്കുവാൻ സാധിക്കുകയുള്ളൂവെന്ന തിരിച്ചറിവിൽ കാര്യക്ഷമമായ കർമ്മ പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഈ മേഖലയിൽ സർക്കാർ നടത്തുന്ന 'സുബോധം പദ്ധതി' ലഹരിക്കെതിരായി അണിനിരക്കാൻ കേരളത്തെ ഒരുക്കുന്നതിൽ ഏറ്റവും ശ്രദ്ധേയമായ കാൽവയ്പാണ്. സർക്കാരിന്റെയും മദ്യവിരുദ്ധ സമിതികളുടെയും ബോധവത്ക്കരണ പരിപാടികൾ ഫലപ്രദമായി സമൂഹത്തിലെത്തിക്കുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയ്ക്കും മദ്യത്തിനെതിരെയുള്ള പോരാട്ടത്തിൽ അണിചേർന്ന എല്ലാവർക്കും പുതിയ മദ്യനയ രൂപീകരണം അഭിമാനത്തിന്റെ നിമിഷങ്ങളാണ്. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയോടൊപ്പം ഈ ചരിത്രമുഹൂർത്തം കേരളത്തിനു സമ്മാനിക്കാൻ പ്രവർത്തിച്ച എല്ലാ മദ്യവിരുദ്ധപ്രസ്ഥാനങ്ങളെയും പ്രവർത്തകരെയും അഭിനന്ദിക്കുന്നു. കേരളത്തിൽ മദ്യനിരോധന പ്രവർത്തനങ്ങൾക്ക് ശക്തമായ തുടക്കം കുറിക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിക്കാൻ വലിയൊരു പങ്ക് വഹിക്കുവാൻ കേരളത്തിലെ കത്തോലിക്കാ സഭയ്ക്ക് സാധിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ ഈ മദ്യനിരോധനം കടലാസിലും ആശയങ്ങളിലും മാത്രമായി ഒതുക്കപ്പെടുന്ന

അപകടം ഉണ്ടാകാനുള്ള സാധ്യതയും തള്ളിക്കളയാൻ സാധിക്കുകയില്ല. ഇവിടെയാണ് നമ്മളെല്ലാവരും ജാഗ്രതയോടെ പ്രവർത്തിക്കേണ്ടത്.

കരുണയുടെ വർഷത്തിൽ ലഹരിക്കെതിരായ പ്രവർത്തനം വലിയ ഒരു കാരുണ്യപ്രവൃത്തിയായി കണ്ട് അതിൽ പങ്കാളികളാകണം. മദ്യവിരുദ്ധസമിതിയുടെ പ്രവർത്തനങ്ങൾ ഇടവകാ-രൂപതാതലങ്ങളിൽ കൂടുതൽ സജീവമാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. മദ്യവിരുദ്ധ ഞായറിനു മുന്നോടിയായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ഈ ദിനം ഉചിതമായി ആചരിക്കപ്പെടുകയും വേണം. നമുക്കും ഉണരാം, മദ്യത്തിനും മറ്റു ലഹരി വസ്തുക്കൾക്കും എതിരെ പോരാടാം, ഒരു പുതിയ മദ്യവിരുദ്ധ സംസ്കാരം കെട്ടിപ്പടുക്കാം. ഇതിന് ആവശ്യമായ ബോധ്യവും പ്രവർത്തനക്ഷമതയും നൽകി ഉത്തരവാദിത്തപ്പെട്ടവരെ അനുഗ്രഹിക്കണമെ എന്ന് നമുക്കു പ്രാർത്ഥിക്കാം.

സ്നേഹപൂർവം,

**ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി)

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി)


**ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി)

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

ERNAKULAM-ANGAMALY ARCHDIOCESAN BULLETIN എറണാകുളം മിസ്സം

കാരുണ്യവർഷ ചിന്തകൾ - 3

# നീതിമാനും കരുണാമയനുമായ ദൈവം



ജോൺ മാതാപിതാക്കൾക്ക് ഇഷ്ടപ്പെട്ട, മിടുക്കനായ ഏകമകനായിരുന്നു. വളരെ ലാളിച്ചും സ്നേഹിച്ചുമാണ് അവർ അവനെ വളർത്തിയത്. യുവത്വത്തിലേക്കു പ്രവേശിച്ചപ്പോൾ അവന്റെ സ്വഭാവത്തിൽ വലിയ മാറ്റങ്ങൾ വന്നു. സൗമ്യതയും ശാന്തതയും അവനു നഷ്ടപ്പെട്ടു, കൂടുതൽ ക്രൂരനും, ദേഷ്യക്കാരനുമായി. ഒരു ദിവസം മാതാപിതാക്കളോടു വഴക്കടിച്ച് അവൻ വീട് വിട്ടിറങ്ങി. അന്വേഷിച്ചിറങ്ങിയ മാതാപിതാക്കൾക്കും, ബന്ധുക്കൾക്കും നിരാശയായിരുന്നു ഫലം. മാതാപിതാക്കൾ മനോവേദനയിൽ വർഷങ്ങൾ തള്ളി നീക്കി കൊണ്ടിരുന്നു. ഒരു പാതിരാത്രിയിൽ മുട്ടു കേട്ടു വാതിൽ തുറന്നപ്പോൾ, നഷ്ടപ്പെട്ട ഏകസന്താനം തൊട്ടു മുമ്പിൽ നിൽക്കുന്നു. അതിശയവും ആനന്ദവും അമ്പരപ്പും മറച്ചു വച്ച് അവനെ അവർ സന്തോഷത്തോടെ സ്വീകരിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അവർ ഒരു കാര്യം ശ്രദ്ധിച്ചു. അവന്റെ വസ്ത്രത്തിൽ ചോരക്കറകൾ! അസ്വസ്ഥരായ അവർ ഭയത്തോടെ ചോദിച്ചു, "എന്തുപറ്റി മകനേ?" നിശ്ബദതയിൽ ലയിച്ചിരുന്നവനെ നിർബന്ധിച്ചപ്പോൾ അവൻ പറഞ്ഞു: "ഒരു വഴക്കിനിടയിൽ ഞാൻ രണ്ടു പേരെ കൊന്നിട്ടു വന്നിരിക്കുകയാണ്. പോലീസ് എന്നെ അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. എനിക്കു രക്ഷപ്പെടണം. എന്നെ രക്ഷിക്കണം" അവൻ കേണു. തലക്കടിയേറ്റതു പോലെയായിരുന്നു അവർക്ക് ആ വാർത്ത. അപ്പന്റെ ഭാവം മാറി. ദേഷ്യവും, ദുഃഖവും അടക്കാനാവാതെ വന്നപ്പോൾ, ആ പിതാവ് അലറി: "കൊലപാതകി, ദുഷ്ടൻ. നിനക്കു രക്ഷപ്പെടണം അല്ലെ?" പോലീസിനെ വിളിക്കാൻ അപ്പൻ ഫോൺ എടുത്തപ്പോൾ, തടഞ്ഞ അമ്മയെ അയാൾ തള്ളിയിട്ടു. ആ അമ്മ എഴുന്നേറ്റു കുനിഞ്ഞിരുന്നു കരഞ്ഞു കൊണ്ടിരുന്നു മകന്റെ അടുത്തേക്കു ചെന്നു. അവനെ എഴുന്നേൽപ്പിച്ചു, കെട്ടിപ്പിടിച്ച് അവന്റെ കവിളിൽ സ്നേഹപൂർവ്വം ചുംബിച്ചു. അമ്പരന്ന മകൻ ചോദിച്ചു: "കൊലപാതകിയായ എന്നെ എന്തിനാണ് അമ്മ ചുംബിക്കുന്നത്?" ആ അമ്മ പറഞ്ഞു: "മകനേ, എല്ലാവരും വെറുക്കുന്ന നിനക്ക് ഇപ്പോൾ ഏറ്റവും ആവശ്യമായിട്ടുള്ളതു കാരുണ്യമാണ്. അത് ഏറ്റവും കൂടുതൽ തരുവാൻ സാധിക്കുന്നത്, നിന്നെ നൊന്തുപെറ്റ ഈ അമ്മയ്ക്കാണ്." ജോണിന്റെ കഥ അവിടെ നിൽക്കട്ടെ. ഒരു ചോദ്യം. ആരാണ് ശരി? നീതിയുടെ ദണ്ഡ് ഉപയോഗിച്ചു നിലയ്ക്കു നിറുത്തുവാൻ ശ്രമിക്കുന്ന അപ്പനോ, കാരുണ്യത്തിന്റെ തലോടലേകുന്ന അമ്മയോ?

വിശുദ്ധ ഗ്രന്ഥത്തിലൂടെ കടന്നു പോകുമ്പോൾ നീതിയുടെ ത്രാസിൽ മനുഷ്യരെ അളക്കുന്ന നീതിമാനായ ദൈവത്തെ മാത്രമല്ല, മറിച്ചു കാരുണ്യത്തിന്റെ


കനിവാർന്ന ഹൃദയമുള്ള പിതാവായ ദൈവത്തെയും നമ്മൾ കണ്ടുമുട്ടുന്നു. ചില സന്ദർഭങ്ങളിൽ എന്തുകൊണ്ടാണു ദൈവം കാർക്കശ്യമുള്ള നീതിമാനാകുന്നതും മറ്റവസരങ്ങളിൽ കണക്കില്ലാത്ത കാരുണ്യത്തിന്റെ കരുതലുള്ള കർത്താവാകുന്നതും? മുന്തിരിത്തോട്ടത്തിലെ ഉപമയിൽ ജോലിക്കാർക്കു വേതനം നൽകുമ്പോൾ ചിലർക്കു നീതിപരമായും മറ്റു ചിലർക്കു കാരുണ്യത്തോടെയും അതു നൽകുന്നത് എന്തുകൊണ്ട്? നീതിപരമായി മാത്രം ഒരുവനെ നേരിടുമ്പോൾ, ആ വ്യക്തി നല്ലവനാകുന്നതിനു പകരം വീണ്ടും മോശമാകുകയാണെങ്കിൽ ആ നീതിക്ക് എന്തു പ്രയോജനം? ഒരാളോട് കലവറയില്ലാതെ കാരുണ്യം കാണിച്ചിട്ടു അവൻ കൂടുതൽ മോശമാകുകയാണെങ്കിൽ, അവൻ തന്റെ തെറ്റുകൾ തിരുത്തുന്നില്ലായെങ്കിൽ, ആ കാരുണ്യപ്രകടനം കൊണ്ട് എന്തു നേട്ടം? പിതാവായ ദൈവം ഈ രണ്ടു നിലപാടുകൾ സ്വീകരിക്കുന്നതിന്റെ അടിസ്ഥാനമെന്താണ്? കൃത്യമായി നീതി നടപ്പിലാക്കിയാലും, അതിരുകവിഞ്ഞു കരുണ കാണിച്ചാലും, ലക്ഷ്യം ഒന്ന് - ഒരുവൻ മാനസാന്തരത്തിലൂടെ, ജീവിതനവീകരണത്തിലൂടെ നല്ലവനാകണം, എല്ലാവരുമായും നല്ല ബന്ധത്തിലാകണം, നല്ല ജീവിതം നയിക്കണം. പാപിനിയായ സ്ത്രീയ്ക്കു പാപമോചനം നൽകിയിട്ടു കരുണയുടെ നിറകുടമായ യേശു പറഞ്ഞു: “മേലിൽ നീ പാപം ചെയ്യരുത്.”

ജോണിന്റെ കഥ തുടരാം. അപ്രതീക്ഷിതമായി അമ്മയുടെ കാരുണ്യത്തിന്റെ ആലിംഗനവും തലോടലും, ചുംബനവും കിട്ടിയപ്പോൾ, അവന്റെ മനസ്സിളകി, അവൻ വീണ്ടും അസ്വസ്ഥനായി. ഒരു വശത്ത് ക്രോധത്തിന്റെ നെറുകയിൽ നിന്നു പോലീസിനെ വിളിക്കുവാൻ വെമ്പൽ കൊള്ളുന്ന അപ്പന്റെ നീതിബോധം. മറുവശത്ത് ആർക്കും മനസ്സിലാക്കാൻ പറ്റാത്ത അമ്മയുടെ കരുണാഭാവത്തിന്റെ കൈത്താങ്ങ്. ആരാണ് വിജയിക്കാൻ പോകുന്നത്? ആരുടെ മുമ്പിലാണ് അവൻ കീഴടങ്ങാൻ പോകുന്നത്? അൽപനേരത്തെ ശാന്തതയ്ക്കു ശേഷം അവൻ എഴുന്നേറ്റ് അപ്പന്റെ അടുത്തു ചെന്നു പറഞ്ഞു: “അപ്പാ, ഞാൻ വലിയ തെറ്റു ചെയ്തുപോയി. ഞാൻ ദൈവത്തെയും നിങ്ങളെയും ഒത്തിരി വേദനിപ്പിച്ചു. എന്നോടു ക്ഷമിക്കണെ.” തുടർന്ന്, അവൻ അപ്പന്റെ കൈക്കു പിടിച്ചിട്ട് പറഞ്ഞു: “അപ്പൻ പോലീസിനെ വിളിക്കൂ. രണ്ടു പേരുടെ ജീവൻ അപഹരിച്ച, രണ്ടു കുടുംബങ്ങളെ നശിപ്പിച്ച മഹാ കുറ്റവാളിയാണു, പാപിയാണു ഞാൻ. ഇതിനു ഞാൻ ശിക്ഷയനുഭവിക്കണം. എന്റെ ഈ കൊടുക്രൂരതയ്ക്കു ഞാൻ പരിഹാരം അനുഷ്ഠിക്കണം. എനിക്കൊരു പുതിയ മനുഷ്യനാകണം, നിങ്ങളുടെ നല്ല മകനാകണം.” എന്താണ് അവനെ മാനസാന്തരത്തിലേക്കു നയിച്ചത്, ദൈവവും മനുഷ്യരുമായുള്ള ബന്ധം പുതുക്കിയത്, അവനെ പുതിയ മനുഷ്യനാക്കിയത്? അപ്പന്റെ നീതിയോ, അമ്മയുടെ കാരുണ്യമോ? നമ്മെ നല്ലവരാക്കാൻ, നല്ല വഴിയിലൂടെ നയിക്കാൻ മാതൃ-പിതൃ ഭാവമുള്ള ദൈവം നമ്മെയോരോരുത്തരെയും അവിടുത്തെ പദ്ധതിയനുസരിച്ചു നീതിയുടെയും, കാരുണ്യത്തിന്റെയും വഴിലൂടെ നടത്തുന്നത് എത്രയോ അതിശയകരം!

**ജോസ് പിതാവ്**

ERNAKULAM-ANGAMALY ARCHDIOCESAN BULLETIN

# പിതാക്കന്മാരുടെ ശുശ്രൂഷകൾ



## Archbishop George Cardinal Alencherry

### FEBRUARY 2016

| | | | |
|---|---|---|---|
| 2 | am | Basilica Ekm. | Conclusion of Year of the Consecrated |
| 6 | am | Koonammavu | C.M.C. 150th Jubilee |
| 7 | am | Potta | National Bible Convention |
| | pm | Chunangamvely | Rajagiri Hospital Inauguration |
| 10 | | Mount St. Thomas | Public Affairs Committee Meeting |
| 13 | pm | Mookkannoor | 125th Birth Anniversary of Late Rev. Fr. Thomas Panat |
| 14 | am | Karimugal | Pastoral visit |
| | pm | Kottamam | 100th Jubilee St. Joseph's L.P. School. |
| 16 | am | Thevara | S.H. College |
| 20 | | Mananthavady | A.K.C.C. |
| 22 | pm | Ernakulam | Marine Drive Bible Convention |
| 27 | am | Renewal Centre | Inauguration - Corporate Educational Agency Teachers' Meeting |
| 29 | Bangalore | | C.B.C.I. Meeting |

### MARCH 2016

| | | | |
|---|---|---|---|
| 01 - 09 | | Bangalore | C.B.C.I. Meeting |
| 11 | pm | Narakkal | |



# Bishop Sebastian Adayanthrath

## FEBRUARY 2016

| | | | |
|---|---|---|---|
| 1 | am | Edappally | Convent Visit, Sisters of Grace |
| | pm | Puthuvassery | Holy Mass & Convent Blessing |
| 2 | am | Basilica Ekm. | Conclusion of Year of the Consecrated |
| | pm | Bishop's House | Pastoral Council Executive Meeting |
| | | Renewal Centre | Holy Mass & Home Day |
| 3 | am | Bishop's House | Lisie Hospital -Managing Committee |
| | pm | Basilica Ekm. | Jubilee- Fr. Joseph Palatty |
| | | Kunnupuram | Holy Mass & Altar Blessing |
| 4 | | Kanjirapally | Episcopal Ordination, Msgr. Jose Pulickal |
| 5 | am | Kalady | Holy Mass & Adoration |
| | pm | W. Koratty | Flag Hoisting, Holy Mass |
| 6 | am | Chowka (Chalakudy) | Holy Mass |
| | pm | Kuttipara | Holy Mass, Parish Fest |
| 7 | am | Rajagiri | Holy Mass |
| | pm | Vennala | Holy Mass & Jubilee |
| 8 | pm | Edakkunnu | Blessing & Inauguration - Karuna Bhavan |
| 10 | am | Basilica Ekm. | Ash Wednesday |
| 11 | pm | Bishop's House | Meeting - Seminary Professors |
| 12 | am | Bishop's House | BM, Naipunnya Edakkunnu |
| | pm | Bishop's House | BM, Naipunnya Welfare & N.I.M.I.T. Pongam |
| 13 | pm | Bishop's House | BM, Naipunnya - Kochi |
| 14 | am | Rajagiri | Holy Mass |
| | pm | Edakkunnu | Holy Mass & C.L.C. Platinum Jubilee |
| 17 | | Karukutty | Curia - Forane Visit |
| 18 | am | Bishop's House | BM, Bharat mata College, Choondy |
| | pm | Thalayolaparambu | Holy Mass & Bible Convention Inauguration |
| 19 | am | Bishop's House | BM, Welfare, Vaikom |
| | pm | Bishop's House | BM, Corporate Education & Naipunnya Cherthala |
| | | Perumpadappu | Adoration Message |

| | | | |
|---|---|---|---|
| 20 | am | Palluruthy | Kanivu |
| | pm | Bishop's House | BM, S.H. Study House & Viani |
| 21 | am | Niveditha | |
| | pm | Subodhana | Vincent De Paul – Jubilee Inauguration |
| 22 to 25 | | Engaged | |
| 27 | am | Renewal Centre | Corporate Day |
| | pm | Bishop's House | BM, W.S.E. Ponnurunni |
| 29 | am | Bishop's House | BM, Naipunnya International |
| | pm | Bishop's House | BM, Mar Louis & Social Kalamassery |

## MARCH 2016

| | | |
|---|---|---|
| 01 - 09 | Bangalore | C.B.C.I. Meeting |



# Bishop Jose Puthenveettil

## FEBRUARY 2016

| | | | |
|---|---|---|---|
| 1 | am | Edappally | Memorial Mass |
| | pm | Bishop's House | Association Directors' Meet |
| 2 | am | Basilica Ekm. | Conclusion of Year of the Consecrated |
| | pm | Bishop's House | Pastoral Council Executive Meeting |
| 3 | am | Cherthala | Jubilee, Green Garden Sisters |
| | pm | Basilica Ekm. | Jubilee - Fr. Joseph Palatty |
| | | S.H. Seminary | Class |
| 4 | | Kanjirapally | Episcopal Ordination, Msgr. Jose Pulickal |
| 5 | am | Karanakodam | Holy Mass & Adoration |
| 6 | am | Edakkunnu | Holy Mass & Jubilee, C.S.N. Sisters |
| | pm | Kanjoor | Hospital Blessing, |
| 7 | | N.Kidangoor | Pastoral Visit |
| 8 | | Bishop's House | Engaged |
| 9 | | Thrissur | Seminary Visit |
| 11 | pm | Bishop's House | Meeting, Seminary Professors |

| | | | |
|---|---|---|---|
| 12 | am | Bishop's House | BM, Naipunnya Edakkunnu |
| | pm | Bishop's House | BM, Naipunnya Welfare & N.I.M.I.T. Pongam |
| | | N.Champannoor | Visit, Paripalana Bhavan |
| 13 | am | Chittoor | Holy Mass, Youth Retreat |
| | pm | Bishop's House | BM, Naipunnya - Kochi |
| 14 | | Chemmanathukara | Pastoral Visit |
| 17 | | Karukutty | Curia - Forane Visit |
| 18 | am | Bishop's House | BM, Bharat Mata College, Choondy |
| | pm | Renewal Centre | |
| 19 | am | Bishop's House | BM, Welfare Vaikom |
| | pm | Bishop's House | BM, Corporate Education & Naipunnya |
| Cherthala | | | Angamaly Visit, Santhibhavan |
| 20 | pm | Bishop's House | BM, S.H. Study House & Viani |
| | | Basilica Ekm. | Memorial Mass |
| 21 | | Vettilappara | Pastoral Visit |
| 22 | | Bishop's House | Engaged |
| 23 | am | Renewal Centre | K.A.T. Leaders' Meeting |
| | pm | Moozhikkulam | Jubilee Celebration |
| 24 -25 | pm | Thalassery | |
| 26 | pm | Chengal | Visit, Dayabhavan |
| 27 | am | Renewal Centre | Corporate Day |
| | pm | Bishop's House | BM, Ponnurunni |
| 29 | am | Bishop's House | BM, Naipunnya International |
| | pm | Bishop's House | BM, Mar Louis & Social Kalamassery |

## MARCH 2016

| | | |
|---|---|---|
| 01 - 09 | Bangalore | C.B.C.I. Meeting |

* * * * *

ERNAKULAM-ANGAMALY ARCHDIOCESAN BULLETIN എറണാകുളം മിസ്സം

# അഭിവന്ദ്യ പാറേക്കാട്ടിൽ പിതാവിന്റെ

## 29 – ാം ചരമവാർഷികം

### ഫെബ്രുവരി 20 ശനിയാഴ്ച



ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ **കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ** പിതാവിന്റെ ചരമദിനമായ ഫെബ്രുവരി 20–ാം തീയതി വൈകുന്നേരം 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. ജനങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട് നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
പ്രോട്ടോസിഞ്ചെല്ലൂസ്

# കച്ചേരിക്കാര്യം

## അനുമോദനങ്ങൾ!!!



### വൈദിക രത്നം

സീറോമലബാർ സിനഡിന്റെ വിശിഷ്ട അംഗീകാരമായ വൈദികരത്നം ലഭിച്ച **ബഹു. ജോസ് തച്ചിൽ** അച്ചന് അതിരൂപതയുടെ അനുമോദനങ്ങളും പ്രാർത്ഥനാശംസകളും!!!



### പോസ്റ്റുലേറ്റർ ജനറൽ

സീറോമലബാർ സഭയുടെ പോസ്റ്റുലേറ്റർ ജനറലായി നിയമിതനായ **ബഹു. ജോസ് ചിറമേൽ** അച്ചന് അതിരൂപതയുടെ അനുമോദനകളും പ്രവർത്തന മണ്ഡലത്തിൽ എല്ലാ വിജയാശംസകളും നേരുന്നു.

## ആശംസകൾ!!!



എറണാകുളം-അങ്കമാലി അതിരൂപതാ വൈദികനായിരുന്ന ബ. സെബാസ്റ്റ്യൻ (ഷാജു) ചിറയത്ത് അച്ചൻ ഇറ്റലിയിലെ **Frosinone - Veroli - Ferentino** രൂപതാ സ്ഥിരാംഗമായി ചേർന്നിരിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയിൽ അച്ചൻ ചെയ്ത സ്തുത്യർഹമായ സേവനങ്ങൾക്ക് അതിരൂപത നന്ദി പ്രകാശിപ്പിക്കുകയും പുതിയ രൂപതയിലെ സേവനങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്യുന്നു.

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
പ്രോട്ടോസിഞ്ചെല്ലൂസ്



എറണാകുളം-അങ്കമാലി അതിരൂപതയിലെ സന്ന്യസ്തർക്കുവേണ്ടിയുള്ള **സിഞ്ചെല്ലൂസ് ആയി** നിയമിതനായിരിക്കുന്ന **റവ. ഡോ. ആന്റണി നരികുളം** അച്ചന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ!!!

അതിരൂപതയിൽ പ്രവർത്തിക്കുന്ന വിവിധ സന്ന്യാസ സമൂഹങ്ങളുടെ അതിരൂപതയുമായിട്ടുള്ള ബന്ധങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്വം പുതിയ സിഞ്ചെല്ലൂസായ റവ. ഡോ. ആന്റണി നരികുളമായിരിക്കും നിർവ്വഹിക്കുന്നത്.

സന്ന്യസ്തർക്കുവേണ്ടിയുള്ള സിഞ്ചെല്ലൂസിന്റെ ഉത്തരവാദിത്വങ്ങൾ:

1. അതിരൂപതയിലെ കോൺഗ്രിഗേഷൻസ്/അസോസ്സിയേഷൻസ്/സൊസൈറ്റികൾ ഇവയുടെ ഡയറക്ടേഴ്സ്/ആനിമേറ്റേഴ്സ്/സ്പിരിചൽ ഡയറക്ടേഴ്സ് ആയി നിയമിതരായിട്ടുള്ള വൈദികരുമായി ആലോചിച്ച് പ്രസ്തുത സമൂഹങ്ങളെ കൂടുതൽ കാര്യക്ഷമമായി വളർത്തുന്നതിനും നയിക്കുന്നതിനുമുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

   പ്രത്യേകമായി താഴെപ്പറയുന്ന സമൂഹങ്ങളുടെ ഉത്തരവാദിത്വം ഉണ്ടായിരിക്കും.

   1) സിസ്റ്റേഴ്സ് ഓഫ് ഗ്രേയ്സ്, 2) സാധുസേവന സഭ, 3) ദൈവദാൻ സിസ്റ്റേഴ്സ്, 4) കോൺഗ്രിഗേഷൻസ് ഓഫ് ദി ബ്ലൈൻഡ്, 5) കാർമ്മലൈറ്റ് ക്ലോയിസ്റ്റേർഡ് കോൺവെന്റ്, 6) വിൻ സൊസൈറ്റി, 7) സി.എസ്.റ്റി. ബ്രദേഴ്സ്.

2. അതിരൂപതയിൽ പ്രവർത്തിക്കുന്ന വിവിധ സമൂഹങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി അവയ്ക്ക് സൊസൈറ്റികൾ/അസോസ്സിയേഷൻസ്/കോൺഗ്രിഗേഷൻസ് എന്നീ പദവികൾ നൽകുന്നതിന് സാധ്യത ഉണ്ടെങ്കിൽ, അതിനുള്ള മാർഗ്ഗങ്ങൾ അതിരൂപതക്കച്ചേരിയുടെ ശ്രദ്ധയിൽപ്പെടുത്തുക.

3. Eparchial കോൺഗ്രിഗേഷൻസ്/അസോസ്സിയേഷൻസ്/സൊസൈറ്റികൾ എന്നിവയുടെ തെരഞ്ഞെടുപ്പിൽ മെത്രാപ്പോലീത്തയെ പ്രതിനിധാനം ചെയ്യുക.

4. Eparchial സഭാ സമൂഹങ്ങളിൽനിന്ന് Exclaustration, Dispensation എന്നിവ വഴി വിട്ടുപോകുന്ന അംഗങ്ങളുടെ അപേക്ഷകൾ പഠിച്ച് അതിരൂപതക്കച്ചേരിയുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുക.

5. അതിരൂപതയിലെ വിവിധ മഠങ്ങളിലെയും, ആശുപത്രികളിലെയും, വൃദ്ധ സദനങ്ങളിലെയും കപ്ലോന്മാരെ നിയമിക്കുന്നതിനായി അവരുടെ പേരുകൾ അതിരൂപതക്കച്ചേരിയെ അറിയിക്കുക.

6. എല്ലാ വർഷവും ഫെബ്രുവരി മാസത്തിൽ അതിരൂപതാ തലത്തിൽ സന്ന്യസ്തർക്കുവേണ്ടി സമർപ്പിതസംഗമം സംഘടിപ്പിക്കുക.

7. മൂന്നു വർഷത്തിലൊരിക്കൽ അതിരൂപതയിൽനിന്നുള്ള ഇന്ത്യയിലും, വിദേശ രാജ്യങ്ങളിലും സേവനമനുഷ്ഠിക്കുന്ന സന്ന്യസ്തർക്കായി പ്രേഷിത മഹാസംഗമം സംഘടിപ്പിക്കുക.

8. സന്ന്യാസ സമൂഹങ്ങൾ തമ്മിലോ, സന്ന്യാസ സമൂഹങ്ങളും ഇടവകകളും തമ്മിലോ ഉണ്ടാകുന്ന പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

9. സമർപ്പിതർ ആവശ്യപ്പെടുന്നതനുസരിച്ച് അവരോട് സംവദിക്കുന്നതിന് അവസരം ഒരുക്കുക.

10. നിവേദിതയുടെ ബോർഡ് മീറ്റിംഗിലെ അംഗമായി സന്ന്യസ്തർക്കായി വിവിധ പരിപാടികൾ നടത്തുന്നതിനുള്ള സാദ്ധ്യത കണ്ടെത്തുക.

11. അതിരൂപതാതലത്തിൽ നവസുവിശേഷവത്കരണത്തിനുള്ള നൂതനമാർഗ്ഗങ്ങൾ സന്ന്യസ്തരുമായുള്ള ചർച്ചയിലൂടെ കണ്ടെത്തുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

12. ഇടവകയിൽ പാസ്റ്ററൽ അസിസ്റ്റൻസിനെ (സിസ്റ്റേഴ്സ്) നിയമിക്കുന്നതിനുള്ള ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും, പ്രസ്തുത സേവനത്തിനുള്ള സിസ്റ്റേഴ്സിന്റെ ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിക്കുകയും ചെയ്യുക.

13. സന്ന്യസ്തരുടെ വിവിധ യോഗങ്ങളിൽ/കമ്മീഷനുകളിൽ അതിരൂപതയെ പ്രതിനിധാനം ചെയ്യുക.

14. അതിരൂപതയിൽ പുതിയ സന്ന്യാസഭവനങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന സന്ന്യസ്തരുടെ അപേക്ഷകൾ അതിരൂപതക്കച്ചേരിയിൽ ചർച്ച ചെയ്ത് അനുകൂലമായ അംഗീകാരം കൊടുക്കേണ്ടവയ്ക്ക് ശുപാർശ ചെയ്യുകയും, അനുവാദം കൊടുക്കുവാൻ സാധിക്കാത്തവയുടെ കാരണം അപേക്ഷകർക്ക് വിശദീകരിച്ച് കൊടുക്കുകയും ചെയ്യുക.

15. അതിരൂപതയിലെ വിവിധ സന്ന്യാസഭവനങ്ങൾ സന്ദർശിക്കുക.

16. എല്ലാ അഞ്ച് വർഷത്തിലും സന്ന്യസ്തരുടെ ഒരു അസംബ്ലി സംഘടിപ്പിക്കുക.

17. അതിരൂപതയിലെ സന്ന്യാസഭവനങ്ങളുടെ മേജർ സുപ്പീരിയേഴ്സും, കച്ചേരി അംഗങ്ങളുമായി ചർച്ചയ്ക്ക് അവസരം ഒരുക്കുക.
18. അതിരൂപതാതലത്തിലെ സന്ന്യസ്തരുടെ സേവനങ്ങൾ അതിരൂപതാ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സന്ന്യസ്തരിൽനിന്നു ശേഖരിക്കുക.
19. രോഗികളായിട്ടുള്ള സന്ന്യസ്തരെ സന്ദർശിക്കുക.
20. അതിരൂപതയെ പ്രതിനിധീകരിച്ച് സന്ന്യസ്തരുടെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുക്കുക.

ഇപ്പോഴത്തെ സംവിധാനമനുസരിച്ച് ബ. ആന്റണി നരികുളം അച്ചൻ ചുണങ്ങംവേലി നിവേദിതയിൽ താമസിക്കുകയും, അരമനയിൽ അദ്ദേഹത്തിന് ഒരു ഓഫീസ് ഉണ്ടായിരിക്കുകയും ചെയ്യും. അച്ചന്റെ മൊബൈൽ നമ്പർ: **9446288904**

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
**എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്ത**

---



# Transfers/Appointments

## January 30, 2016

**Rev. Fathers**

| | |
|---|---|
| Arackaparambil Robin RCJ | Chempu Asst. |
| Bharanikulangara Paul (Jino) | Muttom Asst. |
| Chakkanatt Angelo CMI | Kanjoor Asst. |
| Chakkungal Thomas VC | Edappally Asst. |
| Chenginiyadan Varghese (Jijo) | Angamaly Asst. |
| Cherumadathil Jaison CFIC | Puthenpally Asst. |
| Chittilappilly Joseph (Melvin) | Malayattoor Asst. |
| Edassery Martin (Sminto) | Kurisumudy Sp. Dir. |
| Kachappilly Jacob (Vince) | Pallippuram Asst. |
| Kadappallil James (Anoop) | Angamaly Asst. |
| Kallookaran Antony (Tony) | Addl. Office Secretary to the Archbishop (Addl.) |
| Kandathil Joshy CMI | Kalamassery Asst. |
| Kaniyamparambil Romal RCJ | Kuttipuzha Asst. |
| Kannattu John (Jibin) | Karukutty Asst. |
| Karukanthara Thomas (Julius) | Diocese of Faridabad |
| Kiliyelikkudy Paul (Anil) | Vallam Asst. |
| Kizhakkettam Sebastain | Study - Rome |
| Kochupura Abin MST | Kottamam Asst. |
| Kochuputhenpurayil Josemon MSFS | Pulluvazhy Asst. |
| Kozhuvallil Varkey (Sanju) | Aluva Asst. |
| Madavanakad Joseph (Jomon) | Mookkannoor Asst. |
| Maippan Thomas (Ancil) | Parur - Kottakkavu Asst. |
| Manakkatt Joseph CMF | Meloor |
| Manickathan Xavier (Dino) | Elamkulam Asst. |
| Maprayil Manu MST | Thirumudikkunnu Asst. |
| Mulankunnathu Saneesh IScH | Kokkunnu Asst. |
| Mynattiparambil Varghese (Rijo) | Thripunithura Asst. |
| Nedunilathuthara Jomy CMI | Karukutty Monastery Asst. |
| Ouseparambil Joseph MSFS | Poonithura Asst. |
| Padannackal Davis (Ajil) | Narakkal Asst. |
| Palackathadam James CMI | Muringoor Asst. |

| | |
|---|---|
| Palakuzhayil Doney RCJ | Koodalapad Asst. |
| Pallippatt Joseph (Jinu) | Edakkunnu Asst. |
| Parackal Antony (Subin) | Cheranalloor E. Asst. |
| Plathottathil Deepu RCJ | Thuravoor North Asst. |
| Pulickalathu Nirmal MSFS | Asokapuram Asst. |
| Puthenpurayil Shejin MST | Kudavechoor Asst. |
| Puthussery Joseph (K) | Koratty Asst. |
| Pynedath Arun CMI | Aimury Asst. |
| Thanniparambil Mathew (Sinju) CFIC | Pazhanganad Asst. |
| Thottankara Jophy (Jobin) | Thalayolaparambu Asst. |
| Vattaparambil Antony (Sinoy) | Vaikom Asst. |
| Vylumkal Kuriakose (Rajesh) MCBS | Palarivattom Asst. |
| Alphonse Maria De Grace OSST | Relieved - Akapparambu |
| Appanchira Tomy - CMI (Bijnor) | Relieved - Palarivattom |
| Kachirayil Joseph Francis O Carm. | Relieved - Thalayolaparambu |
| Kaduthalakunnel Binu Michael SJ | Relieved - Asokapuram |
| Kaithakalam Thomas MCBS (Kot.) | Relieved - Thirumudikkunnu |
| Kalarithara Shine CMI | Relieved - Vaikom |
| Kandathil Sebastian CM | Relieved - Kudavechoor |
| Kollassery Sajan CMI | Relieved - Koodalappad |
| Koovackal Sunny Sebastian (Mandya) | Relieved - Chempu |
| Manickathuparambil Joseph (Jismon) CST | Relieved - E. Cheranalloor |
| Manjalankal Dominic IMS | Relieved - Pulluvazhy |
| Menachery Sijo CMI Kochi | Relieved - Kuttipuzha |
| Moongathottathil Antony (Shinto) CSsR | Relieved - Poonithura |
| Moonjely Vinod MPH | Relieved - Edakkunnu |
| Mundithottiyil Jeneesh La Sellette (MS) | Relieved - Puthenpally |
| Muttathottil Rintle CMI Kochi | Relieved - Kalamassery |
| Mylaparambil George O Pream | Relieved - Thuravoor N. |
| Ovumkamalil Praise IScH | Relieved - Kanjoor |
| Perikalamkattil Augustine MCBS | Relieved - Kokkunnu |
| Urumbumkuzhy Varkey CMF | Relieved - Edappally |

Chancellor

# കരുണയുടെവർഷം/ ലിസി ആശുപത്രി വജ്ര ജൂബിലി

## സൗജന്യ ഹൃദയ ശസ്ത്രക്രിയാ പദ്ധതി

ആധുനിക ചികിത്സാ രംഗത്ത്, പ്രത്യേകിച്ച് ഹൃദയ ചികിത്സാ രംഗത്ത് മുദ്ര പതിപ്പിച്ച ലിസി ആശുപത്രി അതിന്റെ 60-ാം വാർഷികം ആഘോഷിക്കുകയാണ്. ഇതോടനുബന്ധിച്ച് ജനോപകാരപ്രദമായ 60 ഇന കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കുക. കാരുണ്യവർഷവുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപത വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയുടെ ഭാഗമായി 100 രോഗികൾക്ക് ഹൃദയ ശസ്ത്രക്രിയ സൗജന്യമായി ചെയ്തുകൊടുക്കുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നവയാണ്.

### സൗജന്യ ശസ്ത്രകിയയ്ക്ക് അർഹരായവർ:

1) എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുള്ളിൽ സ്ഥിരതാമസമുള്ള ഏതു മതസ്ഥർക്കും ഈ പദ്ധതിയിൽ അർഹത ഉണ്ടായിരിക്കും.
2) കുടുംബവാർഷികവരുമാനം ഒന്നര ലക്ഷം രൂപയിൽ താഴെയുള്ള നിർദ്ധനരായ രോഗികൾ (രേഖകൾ ആവശ്യമാണ്) ആയിരിക്കണം.
3) അതിരൂപതയിലെ ഇടവകാതിർത്തിയിൽപ്പെടുന്നവരിൽനിന്നും അപേക്ഷകൾ സ്വീകരിക്കുന്നതാണ്.
4) അപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾക്കുമാത്രമേ ശസ്ത്രക്രിയയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ.
5) ലിസി ആശുപത്രിയിൽ മാത്രമായിരിക്കും ശസ്ത്രക്രിയ നടത്തപ്പെടുക.

### പ്രധാന വ്യവസ്ഥകൾ

1) അപേക്ഷിക്കുന്നയാൾ ഉൾപ്പെട്ടിട്ടുള്ള ഇടവകയുടെ വികാരിയച്ചന്റെ ശുപാർശയോടു കൂടിയാണ് ആശുപത്രിയിൽ അപേക്ഷ സമർപ്പിക്കേണ്ടത്. വികാരിയുടെ ശുപാർശ ഇല്ലാതെ ആശുപത്രി നേരിട്ട് അപേക്ഷ സ്വീകരിക്കുന്നതല്ല.

2) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ലിസി ആശുപത്രി നയമിച്ചിരിക്കുന്ന കമ്മിറ്റിയുടെ ആവശ്യമായ വിലയിരുത്തലുകൾക്കു ശേഷമായിരിക്കും അർഹരായ രോഗികളെ നിജപ്പെടുത്തുന്നത്.

3) ഹൃദയശസ്ത്രക്രിയയ്ക്കു ചെലവാകുന്ന തുക മാത്രമേ, സൗജന്യ പദ്ധതികളിൽ ഉൾപ്പെടുത്തുകയുള്ളൂ.

4) ശസ്ത്രക്രിയയ്ക്കു ശേഷമുള്ള തുടർചികിത്സയ്ക്കും, പരിശോധനകൾക്കുമുള്ള ചെലവുകൾ രോഗി വഹിക്കേണ്ടതാണ്.

5) ശസ്ത്രക്രിയയെ തുടർന്ന്, സങ്കീർണ്ണമായ സ്ഥിതിവിശേഷം രോഗിക്കു സംജാതമാകുന്നുവെങ്കിൽ അതിന്റെ ചെലവും രോഗി വഹിക്കേണ്ടതാണ്.

## ഈ പദ്ധതിയുടെ മറ്റു സവിശേഷതകൾ

1) ആകെ 100 ശസ്ത്രക്രിയകളാണ് സൗജന്യമായി ചെയ്തുകൊടുക്കുന്നത്.

2) 2016 ഏപ്രിൽ മുതൽ 2017 ഏപ്രിൽ വരെയുള്ള കാലയളവിലായിരിക്കും ഈ പദ്ധതി പൂർത്തീകരിക്കുന്നത്.

3) ഈ സൗജന്യ പദ്ധതിയുടെ 60% പ്രായപൂർത്തിയായവർക്കും (75% പുരുഷൻമാർ, 25% സ്ത്രീകൾ), 40% കുട്ടികളായ രോഗികൾക്കും (ഇതിൽ 75% - ഹൃദയസംബന്ധമായ രോഗത്താൽ ജനിക്കുന്ന കുട്ടികൾക്കും, 25% 1 നും -18 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്കും) വേണ്ടിയായിരിക്കും.

4) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 60% CABG ഹൃദയ ശസ്ത്രക്രിയകളും, 40% ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയകളുമാണ്.

മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
പ്രോട്ടോസിഞ്ചെല്ലൂസ്

# മലയാറ്റൂർ തീർത്ഥാടനം 2016

നമ്മുടെ അതിരൂപതയിലെ ദൈവജനം മുഴുവനും അമ്പതു നോമ്പുകാലത്ത് മലയാറ്റൂർ കുരിശുമുടി തീർത്ഥാടനം നടത്തുക എന്ന ലക്ഷ്യത്തോടെ ഈ വർഷവും കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ മലയാറ്റൂർ തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നു. വികാരിയച്ചന്മാരും, കുടുംബയൂണിറ്റ് ഭാരവാഹികളും ഇക്കാര്യം ശ്രദ്ധിക്കുമല്ലോ.

ഓരോ ഫൊറോനയ്ക്കും തീർത്ഥാടനത്തിനായ് നിശ്ചയിച്ചിരിക്കുന്ന തീയതിയും ഫൊറോന കോർഡിനേറ്റർമാരുടെ പേരുകളും, ഫോൺ നമ്പറുകളും താഴെ ചേർക്കുന്നു. അതാതു ദിവസം വൈകിട്ട് 4.00 മണിക്ക് മലയടിവാരത്ത് ഒത്തുചേർന്ന് കുരിശിന്റെവഴി ചൊല്ലി പ്രാർത്ഥിച്ചാണ് തീർത്ഥാടനം നടത്തുന്നത്.

| **Date** | **Foranes** |
|---|---|
| **February 28, Sunday** | **Edappally, Kanjoor, Koratty, Mookkannoor, Vaikom.** |
| **March 6, Sunday** | **Angamaly, Cherthala, Manjapra, Moozhikkulam, Vallam.** |
| **March 13, Sunday** | **Ernakulam, Karukutty, Kizhakkambalam, Pallippuram, Parur, Thripunithura.** |

## Names & Contact Numbers of Forane Co-ordinators

| Forane | Name of the Priest | Parish | Mob. Number |
|---|---|---|---|
| Angamaly | Fr. Thomas Kariyil | Kavaraparambu | 9037262850 |
| Cherthala | Fr. Elias Chakiath | Paloothara | 9961664620 |
| Edappally | Fr. Mathew Thachil | Edappally | 9497277963 |
| Ernakulam | Fr. Thomas Mazhuvanchery | Chakkarparambu | 9447139426 |
| Kanjoor | Fr. Joseph Thamaravely | Kalady | 9847336829 |
| Karukutty | Fr. Tony Kottackal | Carmelgiri | 9847437571 |
| Kizhakkambalam | Fr. Raphael Koluthuvally | Chunangamvely | 9496017942 |
| Koratty | Fr. Paul Chully | Thirumudikkunnu | 9847562561 |
| Manjapra | Fr. Suresh Malpan | Sebipuram | 9747143383 |
| Mookkannur | Fr. Sajo Padayattil | Ezhattumugham | 9946067103 |
| Moozhikkulam | Fr. Johnson Vadakkumcherry | Airoor | 9946845951 |
| Pallippuram | Fr. Nidhish Njanackal | Valliara | 8547635866 |
| Parur | Fr. Thomas Kannatt | Ezhikkara | 9447182114 |
| Thripunithura | Fr. Subin Kidangen | Kolencherry | 9947330053 |
| Vaikom | Fr. Varghese Mampilly | Chempu | 9446234546 |
| Vallam | Fr. John Painumkal | Ayathupady | 9447375843 |

ഡയറക്ടർ, ഫാമിലി യൂണിറ്റ്സ്

# സുബോധന പാസ്റ്ററൽ സെന്റർ, അങ്കമാലി

## സർട്ടിഫിക്കറ്റ് കോഴ്സ്

**രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ**

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളെ ആസ്പദമാക്കി 8 മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നു. മാർച്ച് 2-ന് കോഴ്സ് തുടങ്ങും. എല്ലാ ബുധനാഴ്ചയും വൈകിട്ട് 6.00 മുതൽ 8.00 വരെയാണ് ക്ലാസ്സുകൾ. ആദ്യം പേര് തരുന്ന 50 പേർക്കാണ് പ്രവേശനം. അല്മായർക്കും ബഹു. സിസ്റ്റേഴ്സിനും പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീസ് 1000/- രൂപ.

**ഫാക്കൽറ്റി അംഗങ്ങൾ**

റവ. ഡോ. പോൾ തേലക്കാട്ട്
റവ. ഡോ. ആന്റണി നരികുളം
റവ. ഡോ. സെബാസ്റ്റ്യൻ പൈനാടത്ത് SJ
റവ. ഫാ. കുര്യാക്കോസ് മാമ്പിള്ളി
റവ. ഡോ. ജോസ് പുതിയേടത്ത്
റവ. ഡോ. വിൻസെന്റ് കുണ്ടുകുളം
റവ. ഡോ. ജോയ്സ് കൈതക്കോട്ടിൽ
റവ. ഡോ. കുര്യാക്കോസ് മുണ്ടാടൻ
റവ. ഡോ. ജേക്കബ് ചാണിക്കുഴി
റവ. ഡോ. ജോൺസൺ വടക്കുംഞ്ചേരി
റവ. ഡോ. ജിമ്മി പൂച്ചക്കാട്ട്
റവ. ഡോ. മാർട്ടിൻ കല്ലുങ്കൽ
റവ. സി. ശോഭ സി.എസ്.എൻ.

## IL CAPO - അല്മായ നേതൃത്വ പരിശീലന പരിപാടി

സുബോധന പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്ന ഏകദിന അല്മായ നേതൃത്വ പരിശീലന പരിപാടിക്ക് ബഹു. വികാരിയച്ചൻമാർ തരുന്ന സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി. ജനുവരി മാസം കറുകുറ്റി ഫൊറോനയിലെ പള്ളികളിൽ നിന്നുള്ള പാരിഷ് കൗൺസിൽ അംഗങ്ങൾ, കുടുംബകൂട്ടായ്മ കേന്ദ്ര കമ്മിറ്റി അംഗങ്ങൾ, സംഘടനാ ഭാരവാഹികൾ എന്നിവരാണ് പങ്കെടുത്തത്. ഫൊറോന വികാരി വെരി. റവ. ഫാ. ജോയ് കണ്ണമ്പുഴ ഉദ്ഘാടന സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. മൂഴിക്കുളം ഫൊറോനയിലെ പള്ളികളാണ് ഫെബ്രുവരി 14-ന് നടക്കുന്ന അടുത്ത ബാച്ചിൽ സംബന്ധിക്കുന്നത്. രാവിലെ 9.30 മുതൽ വൈകീട്ട് 4.00 വരെയാണ് പരിപാടിയുടെ സമയം.

ഡയറക്ടർ

# നിവേദിത, ചുണങ്ങംവേലി

NIVEDITHA

## പ്രധാന പരിപാടികൾ

1) **All Kerala Kerygma** ഫെബ്രു. 20 – 29
2) **സിസ്റ്റേഴ്സിനായുള്ള ധ്യാനം** മാർച്ച് 13 – 19

നോമ്പുകാലത്ത് സിസ്റ്റേഴ്സിനായുള്ള ധ്യാനം 2016 മാർച്ച് 13 വൈകീട്ട് 06.00 മണി മുതൽ 18 ഉച്ചവരെ നിവേദിതയിൽ ഒരുക്കിയിരിക്കുന്നു. ധ്യാനം നയിക്കുന്നത് വിൻസൻഷ്യൻ സഭാംഗമായ ബഹു. **അഗസ്റ്റിൻ പടിഞ്ഞാറെക്കുറ്റ്** അച്ചനാണ്. പങ്കെടുക്കാൻ താത്പര്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**NB : പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ താഴെ കാണുന്ന ഫോൺ നമ്പറുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.**

ഫോൺ: 0484–2837375, 9387074646, 9847558054
ഇ–മെയിൽ: nivedithaekm@gmail.com

ഡയറക്ടർ

---

## അതിരൂപതാ തീർത്ഥാടനാകേന്ദ്രം

പള്ളിപ്പുറം സെന്റ് മേരീസ് ഫൊറോനാ പള്ളിയെ അഭിവന്ദ്യ കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവിന്റെ കല്പന പ്രകാരം അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് 2016 ജനുവരി 3–ാം തീയതി ഞായറാഴ്ച അതിരൂപതയിലെ **വിശുദ്ധ ചാവറ കുര്യാക്കോസിന്റെ തീർത്ഥാടനകേന്ദ്രമായി** ഉയർത്തി.

ചാൻസലർ

# വാർത്തകളും വിശേഷങ്ങളും

## മോൺ. ജോസ് പുളിക്കൽ

### കാഞ്ഞിരപ്പള്ളി രൂപതയുടെ നിയുക്ത സഹായമെത്രാൻ

കാഞ്ഞിരപ്പിള്ളി രൂപതയുടെ പ്രഥമ സഹായമെത്രാനായി മോൺ. ജോസ് പുളിക്കൽ നിയമിതനായി. 2016 ജനുവരി മാസം 7-ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സിനഡിലാണ് തെരഞ്ഞെടുപ്പ് നടന്ന്. ഇതു സംബന്ധമായ ഔദ്യോഗിക പ്രഖ്യാപനം 2016 ജനുവരി 12-ാം തീയതി വത്തിക്കാനിലും ഇന്ത്യൻ സമയം ഉച്ചതിരിഞ്ഞ് 4.30-ന് കാക്കനാട് സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയായിലും കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ദേവാലയത്തിലും പ്രസിദ്ധപ്പെടുത്തി. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയാണ് പ്രഖ്യാപനം നടത്തിയത്.

1964 മാർച്ച് 3-ന് ജനിച്ച റവ. ഡോ. ജോസ് പുളിക്കൽ കാഞ്ഞിരപ്പള്ളി രൂപതയിലെ ഇഞ്ചിയാനി ഇടവകാംഗമാണ്. 1991 ജനുവരി 1-ന് മാർ മാത്യു വട്ടക്കുഴിയിൽനിന്ന് പൗരോഹിത്യം സ്വീകരിച്ചു. സെമിനാരി പഠനകാലം മുതൽ ജീവകാരുണ്യ പ്രവർത്തനമേഖലയിൽ അതീവ തല്പരനായിരുന്ന ഫാ. ജോസിന്റെ രണ്ട് വർഷത്തെ പ്രവർത്തനം തൃശൂർ വെട്ടുകാട് സ്നേഹാശ്രമത്തിലായിരുന്നു. കാഞ്ഞിരപ്പള്ളി രൂപതയിലെ ഇടവകകളുടെ മേൽനോട്ടം വഹിക്കുന്ന സിഞ്ചെല്ലൂസായി സേവനം ചെയ്തുകൊണ്ടിരിക്കെയാണ് റവ. ഡോ. ജോസ് പുളിക്കൽ മെത്രാൻ പദവിയിലേക്ക് ഉയർത്തപ്പെട്ടത്. മെത്രാഭിഷേക കർമ്മം 2016 ഫെബ്രുവരി 4-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മണിക്ക് കാഞ്ഞിരപ്പള്ളി കത്തീഡ്രലിൽ നടക്കുന്നതാണ്.

## ശാരീരികവും, ആദ്ധ്യാത്മികവുമായ കാരുണ്യപ്രവൃത്തികൾക്ക് ഈ നോമ്പുകാലത്തിൽ പ്രത്യേക പ്രാധാന്യം നൽകുക - ഫ്രാൻസീസ് മാർപാപ്പ

ആഗോള സഭാതലത്തിൽ കാരുണ്യവർഷം ആചരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ വിശ്വാസികളേവരും ഈ നോമ്പ് കാലത്തിൽ കാരുണ്യപ്രവർത്തികൾ ചെയ്യുന്നതിൽ കൂടുതൽ തല്പരരാകണമെന്ന് ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പിച്ചു. "ദൈവത്തിന്റെ കരുണ മനുഷ്യഹൃദയങ്ങളിൽ പരിവർത്തനം സൃഷ്ടിക്കുന്ന വിശ്വസ്തമായ സ്നേഹത്തിലൂടെ നമ്മൾ കരുണയുള്ളവരായ് മാറുവാൻ ഇത് നമ്മെ പ്രചോദിപ്പിക്കുന്നു. ശാരീരികവും, ആത്മീയവുമായ കാരുണ്യപ്രവൃത്തികൾ നമ്മെ അനുസ്മരിപ്പിക്കുന്നത് നമ്മുടെ അനുദിനജീവിത പ്രവർത്തനങ്ങളിലൂടെ, പ്രകടമാകുന്ന വിശ്വാസം നമ്മുടെ അയൽക്കാരെ ആത്മീയവും ശാരീരികവുമായ് സഹായിക്കുന്നതിനുള്ള നമ്മുടെ കടമയെക്കുറിച്ചാണ്. ഈ കാരുണ്യ പ്രവൃത്തികളെ അടിസ്ഥാനമാക്കിയായിരിക്കും അന്ത്യദിനത്തിൽ നമ്മളും വിധിക്കപ്പെടുകയെന്ന് മാർപാപ്പ അനുസ്മരിപ്പിച്ചു.

# BHARATA MATA COLLEGE OF COMMERCE AND ARTS





എറണാകുളം-അങ്കമാലി അതിരൂപതയുടെ കീഴിൽ ആലുവ-ചൂണ്ടിയിൽ ആരംഭിച്ചിട്ടുള്ള ഭാരതമാതാ കോളേജ് ഓഫ് കൊമേഴ്സ് ആൻഡ് ആർട്ട്സിൽ പുതിയ കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം **2016 ജനുവരി 13-ന്** മേജർ ആർച്ചുബിഷപ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവ് നിർവ്വഹിച്ചു.

പുതിയ കെട്ടിടത്തിന്റെ ആശീർവ്വാദവും, സ്പോർട്സ് കോംപ്ലക്സിന്റെ ഉദ്ഘാടനവും മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും കോളേജ് ലൈബ്രറിയുടെയും, ഡിജിറ്റൽ ലാബിന്റെയും ഉദ്ഘാടനം മാർ ജോസ് പുത്തൻവീട്ടിൽ പിതാവും നിർവ്വഹിച്ചു.

എൻ.എസ്.എസ്. യൂണിറ്റ് ഉദ്ഘാടനം മാർ തോമസ് ചക്യത്ത് പിതാവും, കോളേജ് ന്യൂസ് ബുള്ളറ്റിൻ പ്രകാശനം കിഴക്കമ്പലം ഫൊറോന പള്ളി വികാരി പെ. ബ. അലക്സ് കാട്ടേഴത്ത് അച്ചനും നിർവ്വഹിച്ചു.

കോളേജ് ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് കളപ്പറമ്പത്ത് സ്വാഗതവും, പ്രിൻസിപ്പൽ റവ. ഫാ. ബെന്നി മാരാംപറമ്പിൽ നന്ദിയും പറഞ്ഞു. കോളേജിന്റെ അസിസ്റ്റന്റ് ഡയറക്ടർ ചൂണ്ടി പള്ളി വികാരി റവ. ഫാ. സെബാസ്റ്റ്യൻ മാടശ്ശേരിയാണ്.

സാംസ്കാരിക, രാഷ്ട്രീയ മേഖലകളിൽനിന്നുള്ള പ്രമുഖർ ചടങ്ങുകളിൽ പങ്കെടുത്തു.



# നിര്യാതരായി

## സി. അൽസീന C.M.C.



സെന്റ് ആൻസ് കോൺവെന്റ്, ചേർത്തല.

ജനനം : 28/01/1917

വ്രതവാഗ്ദാനം : 26/04/1943

മരണം : **24/01/2016**

## സി. മേരി ലീനസ് C.M.C.



സെന്റ് ട്രീസാസ് കോൺവെന്റ് കൂനമ്മാവ്.

ജനനം : 13/06/1932

വ്രതവാഗ്ദാനം : 02/02/1955

മരണം : **26/12/2015**

## സി. സോസിമ C.S.N.



സിസ്റ്റേഴ്സ് ഓഫ് നസ്രത്ത്, പാദുവാപുരം.

ജനനം : 27/03/1942

വ്രതവാഗ്ദാനം : 25/07/1968

മരണം : **15/12/2015**

# മതബോധന ഡിപ്പാർട്ടുമെന്റ്

## "എലെയോസ്"

### സ്നേഹോത്സവം 2016 (ഇന്റൻസീവ് കോഴ്സ്)

മുൻകൂട്ടി അറിയിച്ചിട്ടുള്ളതനുസരിച്ച് ഈ വർഷത്തെ ഇന്റൻസീവ് കോഴ്സ് ഏപ്രിൽ 04 മുതൽ 09-ാം തീയതി വരെ നമ്മൾ നടത്തുകയാണല്ലൊ. ഈ വർഷത്തെ സ്നേഹോത്സവത്തിൽ ക്രൈസ്തവജീവിതത്തിൽ കാത്തുസൂക്ഷിക്കേണ്ട പത്ത് പ്രമാണങ്ങളിൽ അഞ്ച് മുതലുള്ളവയാണ് പഠനവിഷയമാക്കുന്നത്. ഒപ്പംതന്നെ പ്രമാണങ്ങളോടുള്ള ക്രിയാത്മക സമീപനം എന്ന നിലയിൽ ഫ്രാൻസിസ് മാർപ്പാപ്പയുടെ *'ലൗദാത്തോ സി'* എന്ന ചാക്രികലേഖനവും, കാരുണ്യ വർഷ ചിന്തകളും ഓരോ ദിവസങ്ങളിൽ ചർച്ച ചെയ്യുന്നു. ഇത് ഒരു ആത്മീയ ഉത്സവമാക്കാൻ ശ്രമിക്കുമല്ലോ. അതിലേക്കായി അതിരൂപത ചില ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്.

**1. അദ്ധ്യാപകസഹായി:** അധ്യാപക സഹായിയുടെ വെളിച്ചത്തിൽ ഓരോ ദിവസവും ക്രമീകരിക്കുകയും, അധ്യാപകർ ഏതു ഗ്രൂപ്പിലാണോ ക്ലാസ്സ് എടുക്കേണ്ടത് അത്തരത്തിൽ പാഠങ്ങൾ സജ്ജീകരിക്കുകയും ചെയ്യണം. കുറഞ്ഞത് നാലോ അഞ്ചോ പ്രാവശ്യമെങ്കിലും ഇത് വായിച്ച് കാര്യങ്ങളുടെ കൃത്യതയ്ക്കായി നിങ്ങളുടെ വികാരി അച്ചനുമായി പാഠഭാഗം ചർച്ച ചെയ്യുന്നത് നന്നായിരിക്കും. അങ്ങനെ വിഷയസംബന്ധമായ കൂടുതൽ കഥകളോ സംഭവങ്ങളോ വസ്തുതകളോ ലഭിച്ചാൽ അവയും കൂട്ടിച്ചേർക്കാനാവുമല്ലോ.

**2. വർക്കുബുക്കുകൾ:** വിഷയത്തെ കേന്ദ്രീകരിച്ച് പഠനം സുഗമമാക്കാൻ വർക്കുബുക്കുകൾ ഓരോകുട്ടിക്കും നൽകും. സ്നേഹോത്സവം കൂടുതൽ ആകർഷകമാക്കാനും, കുട്ടികളുടെ ഭാഗഭാഗിത്വം കൂടുതൽ വർദ്ധിപ്പിക്കാനും വർക്കുബുക്കുകളുടെ ഉപയോഗം ഏറെ സഹായിക്കും. L.P., U.P., H.S. വിഭാഗങ്ങൾ തിരിച്ചാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. കുട്ടികളുടെ ക്ലാസ്സും പ്രവർത്തനങ്ങളും, ഹോം വർക്കുകളും, ആക്ഷൻ സോങ്ങുകളും, മറ്റു ഗാനങ്ങളും ഉൾപ്പെടുത്തിയാണ് വർക്ക് ബുക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. വർക്ക് ബുക്ക് ഒന്നിന് 10/- രൂപയാണ് വില. നിങ്ങളുടെ ഓർഡർ പ്രകാരമുള്ള വർക്ക് ബുക്കുകൾ ഫൊറോന കേന്ദ്രത്തിൽ മാർച്ച് അവസാനത്തോടെ ലഭ്യമാക്കും.

**3. എലെയോസ് ആക്ഷൻ സോങ്ങ് വീഡിയോ ഡി.വി.ഡി. സമാഹാരം:** സ്നേഹോത്സവം കൂടുതൽ അനുഭവമാക്കാൻ 1 ആക്ഷൻ സോങ്ങ് വീഡിയോ ഡി.വി.ഡി. + Ad film DVD എന്നിവ ഉൾപ്പെടുന്ന 'എലെയോസ്' പ്രസിദ്ധീകരിക്കുന്നു. മാർച്ച് 9-ാം തിയതി ഫൊറോനാ കേന്ദ്രത്തിൽനിന്നും ഇത് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അദ്ധ്യാപക സഹായിയുടെ മറുപുറം കാണുക.

സാധാരണപോലെ 10 അദ്ധ്യാപകസഹായി, ഓരോകോപ്പിവീതം വർക്കുബുക്കുകൾ (3 എണ്ണം), 2 വീഡിയോ ഡി.വി.ഡി. കൾ ഇവയ്ക്കെല്ലാമായി 200 രൂപ വീതം ഓരോ യൂണിറ്റിൽനിന്നും നൽകുമല്ലോ. വീഡിയോ ഡി.വി.ഡി നൽകുന്നതിനാലും, അദ്ധ്യാപകസഹായി നേരത്തേ എത്തിക്കുന്നതിനാലും സ്നേഹോത്സവത്തിന് പ്രത്യേക ഫൊറോനതല പരിശീലനം ഉണ്ടായിരിക്കുന്നതല്ല. ഇടവകതലത്തിൽ അദ്ധ്യാപകർ ഒരുമിച്ചുകൂടി വികാരിയച്ചനോ അച്ചൻ നിയോഗിക്കുന്നവരോ നയിക്കുന്ന ഒരു പഠനക്ലാസ്സ് വയ്ക്കുന്നത് നന്നായിരിക്കും. ശ്രദ്ധിക്കേണ്ട മറ്റു ചില കാര്യങ്ങൾ താഴെച്ചേർക്കുന്നു.

സ്നേഹോത്സവത്തിന്റെ യഥാർത്ഥ വിജയം ഇടവകയിലെ അദ്ധ്യാപകരുടെ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഞായറാഴ്ചകളിൽ കുട്ടികളോടിടപെടുന്ന മതാദ്ധ്യാപകർ എല്ലാവരും സ്നേഹോത്സവത്തിലും ഉണ്ടാകണം. നാം പറഞ്ഞു കൊടുക്കുന്ന പുണ്യങ്ങളും കല്പനകളും സ്വയം നടപ്പിൽവരുത്താൻ ആദ്യം ശ്രദ്ധിക്കണം. പകർന്നുകൊടുക്കേണ്ടത് പാഠമായിരിക്കരുത് നമ്മുടെ ജീവിതമായിരിക്കണം.

ഇവിടെ നൽകുന്ന നിർദ്ദേശമനുസരിച്ച് പൊതുവായ സാഹചര്യം പരിഗണിച്ച് നടത്തേണ്ട കാര്യങ്ങൾ മുൻകൂട്ടി നിശ്ചയിക്കണം. അതിനായി ബഹു. വികാരിയച്ചന്റെ നിർദ്ദേശങ്ങൾക്കനുസൃതം മതാദ്ധ്യാപകർ ഒരുമിച്ചുകൂടി ആലോചിക്കണം. കോഴ്സ് തുടങ്ങുന്നതിന് ഒരാഴ്ചമുമ്പെങ്കിലും ഇടവകയിലെ കോഴ്സിൽ നടത്തപ്പെടുന്ന പ്രവർത്തനങ്ങളുടേയും ക്രമീകരിക്കുന്ന പദ്ധതികളുടേയും കൃത്യമായ രൂപരേഖ തയ്യാറാക്കി നോട്ടീസ്ബോർഡിൽ പ്രസിദ്ധീകരിക്കുന്നത് നല്ലതാണ്.

## രണ്ടാം സെമസ്റ്റർ പരീക്ഷ

2016 ഫെബ്രുവരി 28 ഞായറാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ

1) രണ്ടാം സെമസ്ററർ പരീക്ഷ 2016 ഫെബ്രുവരി 28 ഞായറാഴ്ച രാവിലെ 10.30 മുതൽ 12.30 വരെയാണ് നടത്തപ്പെടുന്നത്. സെമസ്റ്റർ പരീക്ഷകൾ സ്കോളർഷിപ്പു പരീക്ഷയായിക്കൂടി കണക്കാക്കുന്നതിനാൽ രാവിലെ 10.30 മുതൽ 12.30 വരെ എന്നുള്ള സമയക്രമം നിർബന്ധമായും പാലിക്കണം. അങ്ങനെ അല്ലാത്ത യൂണിറ്റുകളിൽനിന്ന് സ്കോളർഷിപ്പിന് അർഹതയുള്ള വരെ സ്വീകരിക്കാനാവില്ല എന്ന് ഇതിനു മുമ്പ് അറിയിച്ചിട്ടുള്ളത് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു.

2) പരീക്ഷ എഴുതുന്ന കുട്ടിയുടെ വീട്ടുപേര്, പിതാവിന്റെ പേര്, കുട്ടിയുടെ പേര്, ക്ലാസ്സ്, ഇടവക എന്നിവ ഉത്തരക്കടലാസിന്റെ മുകളിൽ രേഖപ്പെടുത്തുവാൻ കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

3) ഒന്നാം സെമസ്റ്റർ പരീക്ഷയിൽ 4 മുതൽ 9 വരെ ക്ലാസ്സുകളിലെ 80 ശതമാനവും (50 ൽ 40) അതിൽ കൂടുതലും മാർക്കുള്ളവരുടെ (ആദ്യസെമ

സ്റ്ററിൽ നിങ്ങൾ നൽകുകയും, മടക്കി അയയ്ക്കുകയും ചെയ്ത അതേ ഷീറ്റാണ് ഉപയോഗിക്കേണ്ടത്) രണ്ടാം സെമസ്റ്ററിലെ ഉത്തരക്കടലാസുകൾ പരിശോധിച്ച് 80 ശതമാനവും (50 ൽ 40) അതിൽ കൂടുതലും മാർക്കുള്ള ഉത്തരക്കടലാസുകളും അവരുടെ മാത്രം മാർക്ക് ലിസ്റ്റും മാർച്ച് 10-ാം തീയതിക്കകം ഫൊറോന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രണ്ടുപരീക്ഷയ്ക്കും 80 ശതമാനം മാർക്കു വാങ്ങുന്നവർക്കാണ് സ്കോളർഷിപ്പ് ഉണ്ടാകുക. (വചന ദീപം കാണുക). ലിസ്റ്റ് തയ്യാറാക്കുമ്പോൾ നേരത്തെ ഉപയോഗിച്ച ലിസ്റ്റു തന്നെ രണ്ടാം സെമസ്റ്ററിലും ഉപയോഗിക്കണം. രണ്ടാം സെമസ്ററർ പരീക്ഷയുടെ മൂല്യനിർണ്ണയവും കൃത്യതയോടെ നടത്തണം.

4) 1, 2, 3 ക്ലാസ്സുകളുടെ ചോദ്യപേപ്പറുകൾ മുൻകൂട്ടി നൽകിയിട്ടുണ്ട്. മറ്റു ക്ലാസ്സുകളിലെ ചോദ്യക്കടലാസുകൾക്ക് എണ്ണത്തിൽ കുറവോമറ്റോ ഉണ്ടെങ്കിൽ പരീക്ഷാദിവസം (28/02/2016) രാവിലെ 10.30-ന് കാറ്റികോർപ്പ് പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads-ൽ നിന്നും ഡൗൺലോഡ്ചെയ്ത് എടുക്കാവുന്നതാണ്. 10.30-നു മുമ്പ് അവിടെ ചോദ്യക്കടലാസുകൾ ഉണ്ടാവില്ല. Answer Key പരീക്ഷാദിവസം (28/02/2016) ഉച്ചകഴിഞ്ഞ് 1.00-ന് കാറ്റികോർപ്പ് പാരീഷ് ലോഗിൻ ചെയ്ത് Notifications & Uploads-ൽ നിന്നും ഡൗൺലോഡ്ചെയ്ത് എടുക്കാവുന്നതാണ്.

# മറ്റു പ്രധാന പരിപാടികൾ

## ഫെബ്രുവരി 2016

01 തിങ്കൾ : ഇന്റൻസീവ് കോഴ്സ് വർക്ക് ബുക്ക് ഓർഡർ ചെയ്യേണ്ട അവസാന തിയതി.

06 ശനി : Std X ലെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം.

07 ഞായർ : Std X ലെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം.

10 ബുധൻ : Std XI -ാം ക്ലാസ്സിലെ 70% ത്തിൽ കൂടുതൽ മാർക്ക് നേടിയവരുടെ ഉത്തരക്കടലാസുകൾ ഫൊറോനയിൽ എത്തിക്കേണ്ട അവസാന തിയതി.

13 ശനി : Std XII ലെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം.

14 ഞായർ : Std XII ലെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം.

15 തിങ്കൾ : XI -ാം ക്ലാസ്സിലെ മാർക്കുകൾ ഓൺ ലൈനിൽ രേഖപ്പെടുത്തേണ്ട അവസാന തിയതി.

20 ശനി : സന്മാർഗ്ഗബോധന വാർഷിക റിപ്പോർട്ട് അതിരൂപതയിൽ എത്തിക്കേണ്ട അവസാന തിയതി.

28 ഞായർ : Std. I - IX രണ്ടാം സെമസ്റ്റർ പരീക്ഷ 10.30 am – 12.30 pm

**മാർച്ച് 2016**

05 ശനി : സൺഡേ സ്കൂൾ വാർഷിക റിപ്പോർട്ട് ഫൊറോനയിൽ എത്തിക്കേണ്ട അവസാന തിയതി.

10 വ്യാഴം : സൺഡേ സ്കൂൾ പരീക്ഷയിൽ 80% ത്തിൽ കൂടുതൽ മാർക്ക് നേടിയവരുടെ ഉത്തരക്കടലാസുകളും ലിസ്റ്റും ഫൊറോനയിൽ എത്തിക്കേണ്ട അവസാന തിയതി.

ഡയറക്ടർ

# തിരുബാലസംഖ്യം

## അതിരൂപതാ കലോത്സവം 2016

**തിരുബാലസഖ്യം അതിരൂപതാ കലോത്സവം 2016 ഫെബ്രുവരി 13 ശനിയാഴ്ച രാവിലെ 9.00 മണി മുതൽ കലൂർ റിന്യൂവൽ സെന്ററിൽ നടക്കുന്നു.**

ഫൊറോനയിലെ ഒന്നാം സ്ഥാനക്കാർ മാത്രമാണ് അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടത്. മാർഗ്ഗംകളിക്ക് മെയ്ക്കപ്പിനുള്ള റിന്യൂവൽ സെന്റർ ലേഡീസ് ഹോസ്റ്റലിൽ നിശ്ചിത മുറികളിൽ സൗകര്യം ഒരുക്കിയിട്ടുണ്ടാകും. റിന്യൂവൽ സെന്ററിൽ നിന്ന് ഭക്ഷണം ആവശ്യമുള്ളവർക്ക് മുൻകൂട്ടി ഓഫീസിൽ വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്. തുക അവരവർ തന്നെ നൽകണം. വൈകുന്നേരം 4.00 മണിക്കു നടക്കുന്ന സമാപനസമ്മേളനത്തിൽ മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.

അതിരൂപതാ മത്സരങ്ങളുടെ പ്രോഗ്രാം കോ-ഓർഡിനേറ്റർ റവ. ഫാ. ജോസ് പുതുശ്ശേരി ആയിരിക്കും.

ഫൊറോന കലോത്സവങ്ങൾ ഭംഗിയായി സംഘടിപ്പിച്ചതിന് ഫൊറോന ഡയറക്ടർമാരെയും സെക്രട്ടറിമാരെയും അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

അതിരൂപതാ മത്സരങ്ങളിൽ എല്ലാവരുടെയും സാന്നിദ്ധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

**2016 ഫെബ്രുവരി 14 (ഞായർ) -ാം തീയതി ഇടവകകളിൽ തിരുബാല സഖ്യദിനം സമുചിതമായി ആചരിക്കുക.**

ഡയറക്ടർ

# ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2346437, 2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

## 2016 FEBRUARY - MARCH

### I. Marriage Preparation Course (MPC)

| | |
|---|---|
| Feb. 02-04 [Pair] Kalady | Mar. 01-03 [Single] Kalady |
| Feb. 08-10 [ Single] Kaloor | Mar. 07-09 [Pair] Kaloor |
| Feb. 22-24 [ Pair] Kaloor | Mar. 14-16 [Single] Kaloor |
| Feb. 23-25 [ Single] Kalady | Mar. 15-17 [Pair] Kalady |
| | Mar. 21-23 [Pair] Kaloor |
| | Mar. 29-31[Single] Kaloor |
| | Mar. 30- Apr. 01 [Pair] Kalady |

### II. Grace Rings Couples' Retreat [Residential]

Feb. 11-14 Jeevalaya Family Park, Kalady.
Mar. 10-13 Jeevalaya Family Park, Kalady.

### III. Newlyweds' Retreat (Sat. 06.00 pm to Sun. 04.30 pm)

Feb. 06-07 Jeevalaya Family Park, Kalady.
Mar. 05-06 Jeevalaya Family Park, Kalady.

### IV. Parenting (Children/Teenagers) Retreat

മാതാപിതാ-മക്കൾ ബന്ധത്തെ പരിപോഷിപ്പിക്കുന്നതിനായി കാലടി ജീവാലയ ഫാമിലി പാർക്കിൽ പാരന്റിംഗ് ധ്യാനം നടത്തുന്നു. മാസത്തിന്റെ നാലാമത്തെ വെള്ളിയാഴ്ച വൈകിട്ട് 6.30-ന് ആരംഭിച്ച് ഞായറാഴ്ച വൈകിട്ട് 4.30-ന് സമാപിക്കുന്ന ധ്യാനത്തിൽ മാതാപിതാക്കളും മക്കളും ഒരുമിച്ച് പങ്കെടുക്കണം. കുട്ടികൾക്കും (5-12), കൗമാരക്കാർക്കും (13-21) വ്യത്യസ്ത ധ്യാനങ്ങളാണ് സംഘടിപ്പിക്കുന്നത്. മക്കളുടെ മനഃശാസ്ത്രം മനസ്സിലാക്കി ആരോഗ്യകരമായി മക്കളോട് പ്രതികരിക്കുവാൻ കഴിയുന്ന പരിശീലനങ്ങളാണ് ധ്യാനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ബുക്കിങ്ങിന് വിളിക്കുക 9446335441.

Feb. 26-28 Children (Age 5-12 Years)

**V. Diploma In Family Administration**

| | | | |
|---|---|---|---|
| Feb. | 06 | Mar. 05 | Jeevalaya Family Park Kalady |
| Feb. | 20 | Mar. 19 | Jeevalaya Family Park Kalady |

**VI. Trinity Couples Ministry Retreat**

Feb. 19-21 Niveditha, Chunangamvely

**VII. ഗ്രെയ്സ് റിപ്പിൾസ് നേതൃത്വ പരിശീലനം**

ഗ്രെയ്സ് റിപ്പിൾസ് യൂണിറ്റ് കോർഡിനേറ്റർ, സെക്രട്ടറി ദമ്പതികൾ, ആനിമേറ്റർ സിസ്റ്റർ, ഫൊറോന ഭാരവാഹികൾ എന്നിവരെയാണ് ഈ പരിശീലനത്തിൽ പ്രതീക്ഷിക്കുന്നത്. കേന്ദ്രത്തിൽ നിന്നു ഒരു പരിശീലകനെ നല്കുന്നതാണ്. ഫൊറോന ടീമാണ് ഇത് സംഘടിപ്പിക്കുന്നത്.

| | | | | | |
|---|---|---|---|---|---|
| Feb. | 14 | Angamaly | Mar. | 06 | Parur |
| Feb. | 14 | Koratty | Mar. | 06 | Thripunithura |
| Feb. | 21 | Karukutty | Mar. | 06 | Vaikom |
| Feb. | 21 | Moozhikulam | Mar. | 13 | Ernakulam |
| Feb. | 21 | Manjapra | Mar. | 13 | Kanjoor |
| Feb. | 26 | Mookannoor | Mar. | 13 | Pallippuram |
| Feb. | 26 | Edappally | | | |
| Feb. | 28 | Kizhakkambalam | | | |
| Feb. | 28 | Cherthala | | | |
| Feb. | 28 | Vallam | | | |

**VIII. കുടുംബപ്രേഷിത കലണ്ടർ**

2016-ലെ കുടുംബപ്രേഷിത കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലഭിക്കാത്ത ഇടവകകൾ ഓഫീസുമായി ബന്ധപ്പെടുക.

* * * * *

## വികാരിയച്ചന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

### സ്നേഹപ്രസാദം ശില്പശാല

2016 വർഷത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 100 ഇടവകകളിൽ ഗ്രെയ്സ് റിപ്പിൾസ് സഹകരണത്തോടെ വിവാഹ ബന്ധങ്ങളെ ശക്തിപ്പെടുത്തുവാനായി 'സ്നേഹപ്രസാദം' വിവാഹ പരിപോഷണ ശില്പശാല നടത്തുവാൻ ആഗ്രഹിക്കുന്നു. ശില്പശാലയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ദൈർഘ്യം: 4.00 മണിക്കൂർ (വി. കുർബ്ബാന കൂടാതെ).

പങ്കെടുക്കേണ്ടവർ: വിവാഹം കഴിഞ്ഞ് 1 മുതൽ 20 വർഷം വരെയുള്ള ദമ്പതികൾ.

എണ്ണം: 40 മുതൽ 60 ദമ്പതികൾ

വിഷയം: വിവാഹത്തിൽ പ്രണയം വളർത്തുവാനുള്ള അഞ്ച് മാർഗ്ഗങ്ങൾ

ആദ്യം ബുക്ക് ചെയ്യുന്ന ഇടവകകൾക്ക് മുൻഗണന നൽകുന്നു. താത്പര്യമുള്ളവർ അറിയിയ്ക്കുക. - ഫോൺ –9446544111.

## വൈക്കം കുടുംബപ്രേഷിത കേന്ദ്ര ഓഫീസ്

വൈക്കം, ചേർത്തല, പള്ളിപ്പുറം എന്നീ ഫോറോനകൾക്ക് കുടുംബപ്രേഷിത കേന്ദ്ര സേവനങ്ങൾ ലഭ്യമാക്കുവാനായി വൈക്കം വെൽഫയർ സെന്ററിൽ ഓഫീസ് പ്രവർത്തിക്കുന്ന കാര്യം അറിയാമല്ലോ. ഈ ഓഫീസിന്റെ പ്രവർത്തനം തിങ്കൾ, ബുധൻ ദിവസങ്ങളിൽ രാവിലെ 9.30 മുതൽ വൈകിട്ട് 5.00 വരെ നിജപ്പെടുത്തിയിരിക്കുന്നു. താഴെപ്പറയുന്ന സേവനങ്ങൾ ഈ ഓഫീസിൽ നിന്നു ലഭ്യമാണ്.

1) വിവാഹ ഒരുക്ക കോഴ്സ് - രജിസ്ട്രേഷൻ.

2) ദമ്പതി ധ്യാനം, പാരന്റിംഗ് ധ്യാനം - രജിസ്ട്രേഷൻ.

3) പങ്കാളി മാട്രിമണി - രജിസ്ട്രേഷൻ.

4) കുടുംബപ്രേഷിത കേന്ദ്ര പ്രസിദ്ധീകരണങ്ങൾ.

5) കൗൺസലിങ്ങ്.

ബന്ധപ്പെടേണ്ട ഫോൺ നമ്പർ - 9495411200.

ഡയറക്ടർ

## സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

SAHRUDAYA WELFARE SERVICES ERNAKULAM

### കാരുണ്യ ഇൻഷുറൻസ് ഫെബ്രുവരി 15 മുതൽ

കരുണയുടെ വർഷത്തോടനുബന്ധിച്ച് സഹൃദയയും യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയും സഹകരിച്ച് അതിരൂപതയിലെ ഇടവകാംഗങ്ങൾക്കും സഹൃദയ കുടുംബാംഗങ്ങൾക്കുമായി നടപ്പാക്കുന്ന 'സഹൃദയ കാരുണ്യ ഇൻഷുറൻസ് പോളിസി'യുടെ ഉദ്ഘാടനം അങ്കമാലി കിഴക്കേ പള്ളിയുടെ ആശീർവ്വാദത്തോടനുബന്ധിച്ച് നടത്തപ്പെട്ട യോഗത്തിൽ അഭിവന്ദ്യ കർദ്ദിനാൾ മാർ ആലഞ്ചേരി പിതാവിന്റെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. പദ്ധതിയുടെ ആദ്യഘട്ടത്തിലേക്ക് ഫെബ്രുവരി 10 വരെ ചേരാവുന്നതാണ്. ഫെബ്രുവരി 15 മുതൽ പദ്ധതി പ്രാബല്യത്തിൽ വരും.

പ്രായഭേദമില്ലാതെ, നിലവിലുള്ള അസുഖങ്ങൾക്കും ചികിത്സാ ആനുകൂല്യം ലഭിക്കുന്ന രീതിയിലും പ്രസവചെലവുകൾ ഉൾപ്പെടുത്തിയും രൂപകൽപന ചെയ്തിട്ടുള്ള ഈ പദ്ധതിയുടെ പ്രയോജനം പരമാവധി ജനങ്ങൾക്കു ലഭിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9496511444.**

**ചെന്നൈ ദുരിതാശ്വാസം:** ചെന്നൈ ദുരിതാശ്വാസത്തിന്റെ ഭാഗമായി നാല് തവണകളിലായി ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും മറ്റു സാമഗ്രികളും അവിടെ എത്തിച്ചുകൊടുത്തു.

### ഇൻഫാമിന്റെ നേതൃത്വത്തിൽ കർഷകപ്രതിഷേധം

കാർഷികമേഖലയോടുള്ള സർക്കാരിന്റെ തെറ്റായ നയങ്ങളിലുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി ഇൻഫാമിന്റെ നേതൃത്വത്തിൽ വിവിധ രൂപതകളിലെ കർഷകപ്രതിനിധികൾ ചേർന്ന് മൂവാറ്റുപുഴ വാഴക്കുളത്ത് സംഘടിപ്പിച്ച 'പിന്നോട്ടുനടക്കൽ പ്രതിഷേധ'മാർച്ചിൽ നമ്മുടെ അതിരൂപതയിൽ നിന്നുള്ള പ്രതിനിധികളെ സഹൃദയയുടെ നേതൃത്വത്തിൽ പങ്കെടുപ്പിച്ചു.

### പാലിയേറ്റീവ് കെയർ ദിനാചരണം

ശയ്യാവലംബരായ രോഗികൾക്ക് സാന്ത്വനം പകരുന്ന പാലിയേറ്റീവ് കെയർ പദ്ധതിയുടെ സന്ദേശപ്രചരണാർത്ഥം സഹൃദയ അങ്കണത്തിൽ പാലിയേറ്റീവ് കെയർ ദിനാചരണം സംഘടിപ്പിച്ചു.

**സ്നേഹ മാനസികാരോഗ്യ പദ്ധതി – മരുന്നുവിതരണം**

സ്നേഹ മാനസികാരോഗ്യ പദ്ധതിവഴി മരുന്നു ലഭിച്ചുകൊണ്ടിരിക്കുന്നവർക്കും അവരെ ശുശ്രൂഷിക്കുന്നവർക്കുമുള്ള യോഗം മേഖലാതലത്തിൽ നടത്തുന്നു. മരുന്നുവിതരണവും അന്നേദിവസം തന്നെ നടത്തുന്നതാണ്. ബന്ധപ്പെട്ടവർ കൃത്യസമയത്തുതന്നെ എത്തിച്ചേരണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## വിതരണ സ്ഥലങ്ങളും തീയതിയും

| തീയതി | മേഖല | സ്ഥലം |
|---|---|---|
| മാർച്ച് 4 വെള്ളി & മാർച്ച് 5 ശനി | അങ്കമാലി, കാലടി | **സുബോധന, അങ്കമാലി** |
| മാർച്ച് 5 ശനി | ചേർത്തല, വൈക്കം | **മേഖലാ ഓഫീസ്, നെടുമ്പ്രക്കാട്** |
| മാർച്ച് 2 ബുധൻ | പറവൂർ | **മേഖലാ ഓഫീസ്, കച്ചേരിപ്പടി** |
| മാർച്ച് 11 വെള്ളി | എറണാകുളം | **പൊന്നുരുന്നി ഓഫീസ്** |

**സമയം: രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ**

**വിഭിന്നശേഷികളുള്ളവർക്ക് പരിശീലനം**

വിഭിന്നശേഷികളുള്ളവർക്ക് ആത്മവിശ്വാസവും ആത്മാഭിമാനവും വളർത്തുന്നതിനും ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുമായി സംഘടിപ്പിക്കുന്ന തൊഴിൽ പരിശീലനങ്ങൾ കറുകുറ്റിയിലും ചേർത്തലയിലും മുന്നേറുന്നു. ഡ്രൈഫ്ളവർ മേക്കിംഗ്, കൂൺകൃഷി തുടങ്ങിയവയിലാണ് പരിശീലനം.

**ഗ്രാമോത്സവം:** പുല്ലുവഴി സെന്റ് തോമസ് പള്ളിയിൽ സംഘടിപ്പിച്ച സഹൃദയ ഗ്രാമോത്സവം രാജ്കോട്ട് രൂപതാധ്യക്ഷൻ മാർ ജോസ് ചിറ്റൂപ്പറമ്പൻ പിതാവ് ഉദ്ഘാടനം ചെയ്തു.

**സ്വാവലംബൻ പദ്ധതി:** അസംഘടിത തൊഴിലാളികൾക്കായി നടപ്പാക്കുന്ന സ്വാവലംബൻ പദ്ധതിയിൽ വാർഷികപ്രീമിയം അടയ്ക്കാനുള്ളവർ ഫെബ്രുവരി 29-നുമുമ്പായി അടയ്ക്കേണ്ടതാണ്. ഇതിൽ 18-നും 40-നും ഇടയിൽ പ്രായമുള്ളവർ പ്രധാനമന്ത്രി അടൽ പെൻഷൻ യോജനയുമായി തങ്ങളുടെ അക്കൗണ്ട് ബന്ധപ്പെടുത്തേണ്ടതുമാണ്.

**യോഗപരിശീലനം:** നൈവേദ്യ ആയുർവ്വേദ ആശുപത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന യോഗ പരിശീലനത്തിന്റെ അഞ്ചാമത്തെ ബാച്ച്

പൊന്നുരുന്നിയിൽ ആരംഭിച്ചു. രണ്ടു മാസത്തിനുള്ളിൽ 20 മണിക്കൂറാണ് പരിശീലന കാലയളവ്.

**സഹൃദയ ഫാമിലി മാർട്ട്:** സഹൃദയ കർഷകസംഘങ്ങളിൽ നിന്നു ശേഖരിക്കുന്ന നാടൻ ജൈവപച്ചക്കറികൾ, സംഘങ്ങളിലെ വീട്ടമ്മമാർ ഉത്പാദിപ്പിക്കുന്ന കലർപ്പില്ലാത്ത നാടൻ ഭക്ഷ്യവിഭവങ്ങൾ മറ്റ് സഹൃദയ ഉത്പന്നങ്ങൾ എന്നിവയുടെ വിപണനത്തിനായി സഹൃദയ ഫാമിലി മാർട്ട് പൊന്നുരുന്നിയിൽ ആരംഭിച്ചു.

## സഹായ, വായ്പാ വിതരണ വിവരം ഡിസംബർ 2015

| പദ്ധതി | വായ്പ | സഹായം |
|---|---|---|
| **വെസ്കോ ക്രെഡിറ്റ്** | | |
| സ്വയംതൊഴിൽ വായ്പ (270 സംഘങ്ങൾ) | 4,68,73,150.00 | |
| **സ്നേഹ ഫൗണ്ടേഷൻ** | | |
| വിവാഹ സഹായം | | 25,000.00 |
| ചികിത്സാ സഹായം | | 17,000.00 |
| വിദ്യാഭ്യാസ സഹായം | | 27,000.00 |
| **ആശാകിരണം കാൻസർ സുരക്ഷാ പദ്ധതി** | | |
| കാൻസർ ചികിത്സാ സഹായം | | 49,000.00 |
| **ജൂബിലി ഭവന പുനരുദ്ധാരണ പദ്ധതി** | | |
| ഭവന പുനരുദ്ധാരണ സഹായം | | 20,000.00 |
| **സേവ് എ ഫാമിലി പ്ലാൻ** | | |
| കുടുംബ സ്ഥിരസഹായ പദ്ധതി (64) | | 8,25,122.00 |
| കർമ്മശ്രീ സ്വയംതൊഴിൽ സഹായം (47) | | 6,24,600.00 |
| സ്പെഷ്യൽ ഗിഫ്റ്റ് (45) | | 55,778.00 |
| **ഇൻഷുറൻസ് പദ്ധതികൾ** | | |
| ആശ്വാസ് മരണാനന്തര സഹായം (75) | | 75,000.00 |
| സാർവ്വത്രിക ആരോഗ്യ ഇൻഷുറൻസ് – ചികിത്സാ സഹായം (373) | | 20,14,949.00 |
| സഹൃദയ വിദ്യാർത്ഥി സുരക്ഷാ – ചികിത്സാ സഹായം (33) | | 1,25,705.00 |

## വികാരിമാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

ജീവകാരുണ്യ സഹായങ്ങൾക്കായി താഴെപ്പറയുന്ന സെന്ററുകളിലേക്ക് ആളുകളെ പറഞ്ഞയയ്ക്കേണ്ടതാണ്.

| ഓഫീസ് | ഫൊറോനകൾ |
|---|---|
| **തിങ്കളാഴ്ച 10.00 am 1.00 pm** | |
| **പൊന്നുരുന്നി ഓഫീസ്** | ബസിലിക്ക, ഇടപ്പള്ളി, കിഴക്കമ്പലം, തൃപ്പൂണിത്തുറ |
| **ബുധനാഴ്ച 10.00 am 1.00 pm** | |
| **അങ്കമാലി (സുബോധന)** | അങ്കമാലി, കറുകുറ്റി, മുക്കന്നൂർ, കൊരട്ടി, മൂഴിക്കുളം. |
| **മറ്റൂർ (കാലടി മേഖല)** | കാഞ്ഞൂർ, മഞ്ഞപ്ര, വല്ലം |
| **കച്ചേരിപ്പടി പള്ളി** | പറവൂർ നോർത്ത് |
| **വ്യാഴാഴ്ച 10.00 am 1.00 pm** | |
| **വെൽഫെയർ സെന്റർ** | വൈക്കം |
| **നെടുമ്പ്രക്കാട്** | ചേർത്തല, പള്ളിപ്പുറം |

## അതിരൂപതാ സഹായനിധി ഡിസംബർ 2015

| ഫൊറോന | വിവാഹം | ചികിത്സ | ഭവനം | വിദ്യാഭ്യാസം |
|---|---|---|---|---|
| കൊരട്ടി | 5,000.00 | 3,000.00 | 3,000.00 | |
| അങ്കമാലി | 7,000.00 | 16,000.00 | 3,000.00 | 2,000.00 |
| മഞ്ഞപ്ര | 15,000.00 | 12,500.00 | | |
| മൂഴിക്കുളം | | 13,000.00 | | |
| കാഞ്ഞൂർ | 10,000.00 | 21,000.00 | | |
| വല്ലം | 5,000.00 | 7,000.00 | 2,000.00 | 3,000.00 |
| എറണാകുളം | | 4,000.00 | | |
| കിഴക്കമ്പലം | 15,000.00 | | | |
| ഇടപ്പള്ളി | | 13,000.00 | 3,000.00 | 3,000.00 |
| പറവൂർ | 10,000.00 | 40,500.00 | 3,000.00 | |
| തൃപ്പൂണിത്തുറ | 7,000.00 | 3,000.00 | | |
| വൈക്കം | 10,000.00 | 12,500.00 | 3,000.00 | |
| പള്ളിപ്പുറം | | 13,000.00 | 10,000.00 | |
| ചേർത്തല | 12,000.00 | 15,000.00 | 3,000.00 | |
| മുക്കന്നൂർ | 7,000.00 | 6,000.00 | | |
| കറുകുറ്റി | 2,000.00 | 6,000.00 | | |
| **ആകെ** | **98,000.00** | **1,89,500.00** | **30,000.00** | **11,000.00** |

ഡയറക്ടർ

# കത്തോലിക്കാ കോൺഗ്രസ്സ് (A.K.C.C.)

**റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, കൊച്ചി 682 017**

## മൈക്രോ ഫൈനാൻസ്

സംസ്ഥാന കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ആത്മമിത്രം മൈക്രോ ഫൈനാൻസിന്റെ മൂലധന ശേഖരണം രൂപതകളിൽ സംഭാവന കൂപ്പണുകൾ വിതരണം ചെയത് ശേഖരിച്ചു തുടങ്ങിയിരിക്കുന്നു. നമ്മുടെ അതിരൂപതയിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ യൂണിറ്റുകൾ ഉള്ള ഇടവകകളിൽ മൈക്രോ ഫൈനാൻസിന്റെ മൂലധന ശേഖരണത്തിന് അധികാരികളിൽനിന്ന് അനുവാദം ലഭിച്ചിട്ടുണ്ട്. ഇതിനായി A.K.C.C. യൂണിറ്റുകൾ ഉള്ള ഇടവകകളിൽ നിന്നും കാരണക്കോടം ഓഫീസുമായി ബന്ധപ്പെടുക.

ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: **ശ്രീ. മാത്യു കണ്ണമ്പുഴ 9447404875, ശ്രീ. അലക്സ് 9847754114.**

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

1. മൈക്രോ ഫൈനാൻസ് മൂലധന ശേഖരണത്തിന് കൂപ്പൺ വാങ്ങാൻ വരുമ്പോൾ അതാത് ഇടവകയുടെ കത്തോലിക്കാ കോൺഗ്രസ്സ് യൂണിറ്റ് ഡയറക്ടറും (വികാരി) പ്രസിഡണ്ടും, ഖജാൻജിയും ചേർന്നുള്ള ഒരു ജോയിന്റ് അക്കൗണ്ട് ബാങ്കിൽ തുടങ്ങിയതിന്റെ കോപ്പി കൊണ്ടു വരണം.

2. ഈ പാസ്സ് ബുക്കിന്റെ കോപ്പിയുമായി വന്നാൽ മാത്രമേ കൂപ്പണുകൾ ലഭിക്കുകയുള്ളു. കണക്കുകൾ സുതാര്യമാക്കുവാൻ ബാങ്കു വഴിയായിരിക്കും ഇടപാടുകൾ നടത്തുക.

3. ബാങ്കിൽ അക്കൗണ്ട് തുടങ്ങാൻ പൊതുയോഗത്തിൽ വച്ച് ഭാരവാഹികളെ തെരഞ്ഞെടുത്തതിന്റെ റിപ്പോർട്ടിന്റെ കോപ്പിയും പൊതുയോഗത്തിൽ ബാങ്കിൽ അക്കൗണ്ട് ചേരാൻ തീരുമാനിച്ചതിന്റെ കത്തും ഭാരവാഹികളുടെ ഫോട്ടോയും, ഐ.ഡി. പ്രൂഫും ബാങ്കിൽ കൊടുക്കണം.

**ഡയറക്ടർ**

# ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്പ്സ്

അതിരൂപതാ വചനപ്രഘോഷണവിഭാഗത്തിന് നൽകികൊണ്ടിരിക്കുന്ന എല്ലാവിധ സഹായസഹകരണൾങ്ങക്കും പ്രോൽസാഹനങ്ങൾക്കും പ്രത്യേകം നന്ദി പറയുന്നു. 2016- ലെ നോമ്പുകാല ധ്യാനങ്ങൾക്കുവേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ശുശ്രൂഷകളുടെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കുമല്ലോ.

## പ്രധാന പരിപാടികൾ

### 2016 ഫെബ്രുവരി

**ഹോം മിഷനുകൾ**

| | | |
|---|---|---|
| ജനു. 30 - 4 | തിരുനല്ലൂർ | സെന്റ് ജോസഫ് ചർച്ച് |
| 04 - 11 | കരയാംപറമ്പ് | സെന്റ് ജോസഫ് ചർച്ച് |
| 19 - 25 | കവരപ്പറമ്പ് | ലിറ്റിൽ ഫ്ളവർ ചർച്ച് |
| 26 - മാർച്ച് 4 | എളവൂർ | സെന്റ് ആന്റണീസ് ചർച്ച് |

**ധ്യാനങ്ങൾ**

| | | |
|---|---|---|
| 4 - 7 | തിരുനല്ലൂർ | സെന്റ് ജോസഫ് ചർച്ച് |
| 11 - 14 | കരയാംപറമ്പ് | സെന്റ് ജോസഫ് ചർച്ച് |
| 14 - 17 | മുരിങ്ങൂർ | സെന്റ് സെബാസ്റ്റ്യൻ ചർച്ച് |
| 18 - 20 | കോട്ടാറ്റ് | ഇരിങ്ങാലക്കുട രൂപത |
| 21 - 24 | മാനത്തൂർ | പാലാ രൂപത |
| 25 - 28 | കവരപ്പറമ്പ് | ലിറ്റിൽ ഫ്ളവർ ചർച്ച് |

### 2016 മാർച്ച്

| | | |
|---|---|---|
| ഫെബ്രു. 29 - 3 | | ഞാറക്കൽ സെന്റ് മേരീസ് ചർച്ച് |
| 3 - 6 | എളവൂർ | സെന്റ് ആന്റണീസ് ചർച്ച് |

## മറ്റു പരിപാടികൾ

11 - പ്രെയർ ഗ്രൂപ്പ് മീറ്റിംഗ് (റിന്യൂവൽ സെന്റർ)

18 - പ്രെയർ ഗ്രൂപ്പ് മീറ്റിംഗ് (സുബോധന)

**ഡയറക്ടർ**

ERNAKULAM-ANGAMALY ARCHDIOCESAN BULLETIN എറണാകുളം മിസ്സം

# Naipunnya International

## അയർലൻഡിൽ നേഴ്സ്സിന് അവസരങ്ങൾ

IELTS യോഗ്യതയുള്ളവർക്ക് Ireland നേഴ്സിങ്ങ് രജിസ്ട്രേഷൻ, ജോലി എന്നിവ നൈപുണ്യ ഇന്റർനാഷണൽ മുഖേന ചെയ്തു കൊടുക്കുന്നു.

## Naipunnya International – Thrikkakara

Be a Proud Woman എന്ന പ്രോഗ്രാമിന്റെ അടുത്ത ബാച്ച് ഫെബ്രുവരി മാസത്തിൽ തുടങ്ങാൻ തീരുമാനിച്ചിരിക്കുന്നു.

## Talent track sponsorship Meet 2016 :-

നൈപുണ്യ ഇന്റർനാഷണലിന്റെ നേതൃത്വത്തിൽ എല്ലാവർഷവും നടത്തുന്ന Talent Track Sponsorship Meet ഇത്തവണ ജനുവരി 9-ാം തീയതി കലൂർ Renewal Centre-ൽ നടത്തപ്പെട്ടു. Naipunnya Public School Exe. Director, ഫാ. പോൾ മേലേടത്ത് പരിപാടി ഉദ്ഘാടനം ചെയ്തു. ഫാ. വർഗ്ഗീസ് പൊന്തേമ്പിള്ളി, ഫാ. ജോഷി ചിറയ്ക്കൽ എന്നിവർ സന്നിഹിതരായിരുന്നു. 100 കുട്ടികളും 34 ആനിമേറ്റേഴ്സും പരിപാടിയിൽ പങ്കെടുത്തു.

## സിവിൽ സർവ്വീസ്

നൈപുണ്യ അക്കാദമി കലൂരിൽ സിവിൽ സർവ്വീസ് ഈവനിംഗ് ബാച്ച് തുടങ്ങുന്നു.

സിവിൽ സർവ്വീസ് പരീക്ഷക്കായുള്ള Weekend Batch ജനുവരി 24-ന് ആരംഭിക്കും.

## നൈപുണ്യ ഇന്റർനാഷണൽ, പാല

ഫെബ്രുവരി ആദ്യവാരം പ്ലസ് -2 കുട്ടികൾക്കായി ഒരു സെമിനാർ നടത്താൻ പാല ബ്രാഞ്ച് തീരുമാനിച്ചു.

## വിദേശവിദ്യാഭ്യാസം

തേവര Sarect Heart College – ൽ നടന്ന വിദ്യാഭ്യാസ പ്രദർശനത്തിൽ നൈപുണ്യ ഇന്റർനാഷണലും നൈപുണ്യ അക്കാദമിയും പങ്കെടുത്തു. വിദേശ വിദ്യാഭ്യാസം താൽപര്യമുള്ളവർ നൈപുണ്യയുടെ എറണാകുളം, അങ്കമാലി, പാല, ഓഫീസുകളിൽ ബന്ധപ്പെടുക.

*ഫോൺ നമ്പറുകൾ:*

Naipunnya International, Ernakulam
0484-2381948; 9446339966.

Naipunnya Academy, Kaloor
0484-2534849; 9544919144.

Naipunnya Academy, Thrikkakara
9544919133, 9947349966

Naipunnya Academy, Angamaly
9544919155

ഡയറക്ടർ

# അതിരൂപതാ ഡയറി

**ഡിസംബർ 2015**

26 ജോർജ്ജ് ആലഞ്ചേരി പിതാവ് ഇരിങ്ങാലക്കുട കത്തീഡ്രൽ പാരിഷ് കൺവെൻഷൻ സെന്ററിന്റെ ആശീർവ്വാദവും ഉദ്ഘാടനവും നിർവ്വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് വല്ലം ഫൊറോനാ പള്ളിയിൽ ഡീക്കൻ ജിപ്സൺ ചുള്ളി M.C.B.S. ന് തിരുപ്പട്ടം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് വേങ്ങൂർ പള്ളിയിൽ ഡീക്കൻ തോമസ് കാട്ടുപറമ്പിൽ S.D.B. ക്ക് തിരുപ്പട്ടം നൽകി.

27 ജോർജ്ജ് ആലഞ്ചേരി പിതാവ് എളവൂർ സെന്റ് ആന്റണീസ് പള്ളിയിൽ മോണ്ട്ഫോർട്ട് സഭാംഗമായ ബ്രദർ ജോൺ കല്ലറയ്ക്കലിന്റെ സമർപ്പിത സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും അനുമോദന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഉച്ചകഴിഞ്ഞ് പി.ഒ.സി. യിൽ നടന്ന ബൈബിൾ സൊസൈറ്റിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ കുറ്റിപ്പുഴ പള്ളിയിൽ ഡീക്കൻ റിറ്റോ പുതുവ C.M.I. ക്ക് തിരുപ്പട്ടം നൽകി. വൈകിട്ട് ഇട പ്പള്ളി ഫൊറോനാ പള്ളിയിൽ ബൈബിൾ മാസാചാരണത്തിന്റെ ഭാഗ മായി വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് കാഞ്ഞൂർ ഫൊറോനാ പള്ളിയിൽ ഡീക്കൻ വിനീത് പയ്യപ്പള്ളി V.C. ക്കും ഡീക്കൻ സ്റ്റെനി R.C.J. ക്കും തിരുപ്പട്ടം നൽകി. വൈകിട്ട് തുണ്ടത്തുംകടവ് പള്ളിയിൽ സമർപ്പിത സംഗമത്തിന്റെ ഭാഗമായി വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി.

28 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വാളൂർ പള്ളിയിൽ ഡീക്കൻ ജിബിൻ ഇടത്തച്ചിറ R.C.J. ക്ക് തിരുപ്പട്ടം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് കോക്കമംഗലം പള്ളിയിൽ എറണാ കുളം-അങ്കമാലി അതിരൂപതാ ഡീക്കനായ ജോൺ (ജിബിൻ) കണ്ണാ ട്ടിനും, ഡീക്കൻ ജോഷി കണ്ടത്തിൽ C.M.I. ക്കും തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് ചാലിൽ ഫാ. തിയോഫിൻ C.S.T. യുടെ ജൂബിലി ആഘോ ഷത്തിന്റെ ഭാഗമായി സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും, ജോസ് പുത്തൻവീട്ടിൽ പിതാവും അരമനയിൽ നടന്ന ദീപികയുടെ മീറ്റിംഗിൽ പങ്കെടുത്തു.

29 ജോർജ്ജ് ആലഞ്ചേരി പിതാവ് രാവിലെ കറുകുറ്റി ഫൊറോനാ പള്ളി യിൽ എറണാകുളം-അങ്കമാലി അതിരൂപതാ ഡീക്കനായ തോമസ് (അൻസിൽ) മൈപ്പാന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് വാഴക്കാലയിൽ സെന്റ് തോമസ് D.S.T. കോൺവെന്റ് ആശീർവ്വദിച്ച് വി. കുർബാന അർപ്പിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉച്ചകഴിഞ്ഞ് പൊന്നുരുന്നി വെൽഫെയർ സെന്ററിൽ നടന്ന അംഗപരിമിതരുടെ Job Fare പ്രോഗ്രാ മിൽ സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ എടയാഴം പള്ളിയിൽ ഡീക്കൻ സെബാസ്റ്റ്യൻ O.F.M. Conv. ന് തിരുപ്പട്ടം നൽകി.

30 ജോർജ്ജ് ആലഞ്ചേരി പിതാവ് രാവിലെ കവരപ്പറമ്പ് പള്ളിയിൽ എറ ണാകുളം-അങ്കമാലി അതിരൂപതാ ഡീക്കനായ ജോസഫ് (ജിനു) പള്ളി പ്പാട്ടിന് തിരുപ്പട്ടം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ ഏലൂർ പള്ളിയിൽ ഡീക്കൻ ഡിജിൽ C.S.T. ക്ക് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് കറുകുറ്റി ഫൊറോനാ പള്ളിയിൽ നടന്ന സമർപ്പിത സംഗമത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ച് സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ അച്ചിനകം പള്ളിയിൽ ഡീക്കൻ ലിബിൻ കരിയിൽ C.M.I. ക്ക് തിരുപ്പട്ടം നൽകി.

31 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ മങ്കുഴി പള്ളിയിൽ എറണാകുളം-അങ്കമാലി അതിരൂപതാ ഡീക്കനായ സേവ്യർ (ഡിനോ) മാണിക്കത്താന് തിരുപ്പട്ടം നൽകി. വൈകിട്ട് വളമംഗലം പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് കൊടി ഉയർത്തുകയും ആരാധനയുടെ സമാപന സന്ദേശം നൽകുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ പുല്ലുവഴി പള്ളിയിൽ ഡീക്കൻ റെന്നി പരുത്തിക്കാട്ടിൽ C.S.T. ക്ക് തിരുപ്പട്ടം നൽകി. എറണാകുളം ബസിലിക്കയിൽ വർഷാവസാന തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

## ജനുവരി 2016

1 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ ചിറ്റൂർ ധ്യാന കേന്ദ്രത്തിൽ വി.കുർബാന അർപ്പിക്കുകയും പുതിയ കെട്ടിടത്തിന്റെ കല്ലിടൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് കലൂരിൽ 'കനിവ്'-ന്റെ പുതിയ ഡേ കെയർ സെന്ററിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. വൈകിട്ട് കൈതാരം പള്ളിയിൽ വി.കുർബാന അർപ്പിക്കുകയും തിരുനാളിനോടനുബന്ധിച്ച് പതാക ഉയർത്തുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഉച്ചകഴിഞ്ഞ് ഐമുറി പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് കൊടി ഉയർത്തുകയും വി.കുർബാന അർപ്പിക്കുകയും തുടർന്ന്, പുതിയ ഗ്രോട്ടോയുടെ വെഞ്ചരിപ്പ് കർമ്മം നടത്തുകയും ചെയ്തു.

2 ജോർജ്ജ് ആലഞ്ചേരി പിതാവ് താമരശ്ശേരി പാതിരിക്കോട് ദേവാലയത്തിൽ M.S.T. സഭാംഗമായ ഡീക്കൻ റോണി ആലഞ്ചേരിക്ക് തിരുപ്പട്ടം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ അയ്യമ്പുഴ പള്ളിയിൽ ഡീക്കൻ സെബാസ്റ്റ്യൻ കാച്ചപ്പള്ളി V.C. ക്ക് തിരുപ്പട്ടം നൽകി. വൈകിട്ട് നെടുങ്ങാട് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ ഇടപ്പള്ളി ഫൊറോനാ പള്ളിയിൽ ജഗദൽപൂർ രൂപതയ്ക്കുവേണ്ടി വൈദികപട്ടം സ്വീകരിച്ച ഡീക്കൻ സുനിൽ പാലത്തിങ്കലിന്റെ തിരുപ്പട്ടദാന ശുശ്രൂഷകളിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് തുരുത്തിപ്പുറം ഇടവകയിൽ എറണാകുളം-അങ്കമാലി അതിരൂപതാ ഡീക്കനായ ജോസഫ് (ജോമോൻ) മാടവനക്കാടിന് തിരുപ്പട്ടം നൽകി.

3 ജോർജ്ജ് ആലഞ്ചേരി പിതാവ് വൈകിട്ട് മേലൂർ സെന്റ് ജോസഫ് ദേവാലയത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് വി.കുർബാന അർപ്പിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ പള്ളിപ്പുറം ഫൊറോനാ പള്ളിയെ ചാവറ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുകയും വി. കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകുകയും ചെയ്തു. വൈകിട്ട് കളമശ്ശേരിയിൽ നടന്ന എക്യുമെനിക്കൽ ക്രിസ്മസ് കരോളിൽ സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് വൈകിട്ട് കരിമുകൾ പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

4 ജോർജ്ജ് ആലഞ്ചേരി പിതാവ് രാവിലെ മുട്ടത്തിപ്പറമ്പ് ഇടവക ദേവാലയത്തിൽ ബഹു.തോമസ് മാളിയ്ക്കൽ അച്ചന്റെ 50-ാം പൗരോഹിത്യ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി.കുർബാനയിൽ വചന സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ ഡീക്കൻ സിജോയ് C.M. ന് തിരുപ്പട്ടം നൽകി. ഉച്ചയ്ക്ക് മുട്ടത്തിപ്പറമ്പ് പള്ളിയിൽ ബഹു. തോമസ് മാളിയേക്കൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ മുട്ടത്തിപ്പറമ്പ് പള്ളിയിൽ ബഹു. തോമസ് മാളിയ്ക്കൽ അച്ചന്റെ 50-ാം പൗരോഹിത്യ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി.

5 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും, ജോസ് പുത്തൻവീട്ടിൽ പിതാവും ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന N.I.M.I.T. പൊങ്ങത്തിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

6 ജോർജ്ജ് ആലഞ്ചേരി പിതാവ് ഉച്ചകഴിഞ്ഞ് പാണ്ടുപാറ പള്ളിയുടെ വെഞ്ചരിപ്പ് കർമ്മം നടത്തി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ വാഴക്കാല D.S.T. കോൺവെന്റിൽ വി.കുർബാന അർപ്പിച്ചു. വൈകിട്ട് ഇടപ്പള്ളിയിൽ നടന്ന ബൈബിൾ കൺവെൻഷന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ അരമനയിൽ നടന്ന മതബോധന മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് തൃക്കാക്കര മൈനർ സെമിനാരിയിൽ ക്ലാസ്സ് എടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും, ജോസ് പുത്തൻവീട്ടിൽ പിതാവും ഉച്ചക്ക് അങ്കമാലി കിഴക്കേപ്പള്ളിയുടെ പ്രസ്സ് കോൺഫ്രൻസിൽ പങ്കെടുത്തു.

7-12 മൗണ്ട് സെന്റ് തോമസിൽ നടന്ന സിനഡിൽ പിതാക്കന്മാർ മൂന്നുപേരും പങ്കെടുത്തു.

10 നവീകരിച്ച അങ്കമാലി സെന്റ് ഹോർമ്മിസ് ദേവാലയത്തിന്റെ വെഞ്ച

രിപ്പ് കർമ്മത്തിൽ ഉച്ചകഴിഞ്ഞ് പിതാക്കന്മാർ മൂന്നുപേരും പങ്കെടുത്തു.

13 ചൂണ്ടിയിൽ ഭാരത മാത ആർട്ട്സ് & കൊമേഴ്സ് കോളേജിന്റെ ഉദ്ഘാടനത്തിൽ ഉച്ചകഴിഞ്ഞ് ജോർജ് ആലഞ്ചേരി പിതാവും, ജോസ് പുത്തൻവീട്ടിൽ പിതാവും പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കരിപ്പശ്ശേരി പള്ളിയിൽ കാർഡിനൽസ് ഓഫീസിൽ സേവനം ചെയ്യുന്ന ആന്റുവിന്റെ മാതാവിന്റെ 41-ാം ചരമ ദിനത്തോടനുബന്ധിച്ച് വി.കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് പുത്തൻപള്ളിയിൽ കൺവെൻഷന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും വി.കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

14-15 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കാഞ്ഞങ്ങാട് നടന്ന ബെദ്സയ്ദാ കൺവെൻഷനിൽ വി.കുർബാന

14 ജോർജ്ജ് ആലഞ്ചേരി പിതാവ് രാവിലെ അരമനയിൽ റീജൻസി ബ്രദേഴ്സിന് മാസധ്യാനം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ അരമനയിൽ നടന്ന വിവിധ ഡിപ്പാർട്ട്മെന്റുകളുടെ മീറ്റിംഗുകളിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മള്ളുശ്ശേരി സാധുസേവന കോൺവെന്റിൽ മാളിയേക്കൽ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി.

15 ജോസ് പുത്തൻവീട്ടിൽ പിതാവ് ഉച്ചകഴിഞ്ഞ് അച്ചിനകം ക്രിസ്തു ബാല ഭവൻ സന്ദർശിച്ചു

16 ജോർജ്ജ് ആലഞ്ചേരി പിതാവ് രാവിലെ കറുകുറ്റി ഇടവക ദേവാലയത്തിൽ മാത്യു വാളൂക്കാരനച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചുള്ള ദിവ്യബലിയിൽ വചന സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് കോട്ടയത്ത് ദീപികയുടെ നവീകരിച്ച ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ ആലുവ ഹോളിഫാമിലി പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി. വൈകിട്ട് തൃപ്പൂണിത്തുറ ഫൊറോനാ പള്ളിയിൽ ആരാധനയുടെ സമാപന സന്ദേശം നൽകി.

17 ജോർജ്ജ് ആലഞ്ചേരി പിതാവ് തക്കല രൂപതയുടെ സെന്റ് അൽഫോൻസാ ആർട്ട്സ് & സയൻസ് കോളേജിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നിർവ്വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ കലൂർ റിന്യൂവൽ സെന്ററിൽ സെന്റ് പോൾസ് ബ്രദേഴ്സിന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പുല്ലുവഴിയിൽ

പുതിയ കൗൺസലിംഗ് സെന്ററിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി.

18 ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ എറണാകുളം സെന്റ് മേരീസ് സ്കൂളിൽ വി.കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് കുഴിപ്പള്ളിയിൽ ഹയർ സെക്കൻഡറി സ്കൂളിന്റേയും ഹോസ്പിറ്റലിന്റേയും വെഞ്ചരിപ്പ് കർമ്മം നടത്തി.

19 ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ തിരുമുടിക്കുന്ന് ഹയർസെക്കൻഡറി സ്ക്കൂളിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി.

ജോർജ്ജ് ആലഞ്ചേരി പിതാവ് ഉച്ചകഴിഞ്ഞ് തൃക്കാക്കര ഭാരത മാത കോളേജിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ജോസ് പുത്തൻവീട്ടിൽ പിതാവ് സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കുചേർന്നു.

ജോർജ്ജ് ആലഞ്ചേരി പിതാവ് വൈകിട്ട് എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ നടന്ന സഭൈക്യവാര പ്രാർത്ഥനയിൽ പങ്കുചേർന്നു. എറണാകുളം തിരുമല ദേവസ്വം ആസ്ഥാനത്ത് ദിവംഗതനായ സ്വാമി സുധീന്ദ്രതീർത്ഥയുടെ ഛായാചിത്രത്തിൽ ആദരാഞ്ജലി അർപ്പിച്ചു.

20 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വി.സെബസ്റ്റ്യാനോസിന്റെ നാമ ഹേതുക തിരുനാളിനോടനുബന്ധിച്ച് എറണാകുളം ബസിലിക്കയിൽ വി.കുർബാന അർപ്പിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് രാവിലെ തവളപ്പാറ പള്ളിയിൽ ബഹു. അബ്രഹാം കിടങ്ങേൻ അച്ചന്റെ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നടന്ന മീറ്റിംഗിൽ പങ്കെടുത്ത് ജൂബിലി സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന ഫാമിലി യൂണിറ്റ്സ് മീറ്റിംഗിൽ പങ്കെടുത്തു.

21 ജോർജ്ജ് ആലഞ്ചേരി പിതാവ് വൈകിട്ട് നവീകരിച്ച് റ്റി.വി. പുരം തിരുഹൃദയ ദേവാലയത്തിന്റെ പുനർകൂദാശ കർമ്മം നിർവ്വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് രാവിലെ മഞ്ഞപ്ര ഫൊറോനാ പള്ളിയിൽ വി.കുർബാന അർപ്പിച്ച് ആരാധനയുടെ പ്രാരംഭ സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് തലയോലപ്പറമ്പ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് കൊടി ഉയർത്തുകയും വി.കുർബാന അർപ്പിച്ച സന്ദേശം നൽകുകയും ചെയ്തു.

22- ഫെബ്രു. 1 ജോർജ്ജ് ആലഞ്ചേരി പിതാവ് റോമിൽ നടന്ന വിശ്വാസ തിരുസംഘത്തിന്റെ സമ്പൂർണ്ണ സമ്മേളനത്തിൽ പങ്കെടുത്തു.


* * * * *

# പുനർനിർമ്മിച്ച ദേവാലയങ്ങൾ

സെന്റ് ഹോർമ്മിസ് ചർച്ച് (കിഴക്കേപള്ളി), അങ്കമാലി



സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, പാണ്ടുപാറ



[Registered]
RNI No. 3421/67
Date of Publication: 01.02.2016

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM

## എറണാകുളം-അങ്കമാലി അതിരൂപതയുടെ നവവൈദികർക്ക് ആശംസകൾ 2015-'16




Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam,
Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and
Printed at Viani Printings, Viani Buildings, No. XXXIX/1524,
Lisie Hospital Road, Ernakulam, Kochi, Kerala - 682018 and Published from
Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682031.
Editor: Rev. Fr. Jose Pollayil